# ഭക്തഗാനമാലിക

(ഗാനങ്ങൾ)

[ Price 0·75

T 61
B 47

# ഭക്തഗാനമാലിക

(ഗാനങ്ങൾ)

DHARMARAM COLLEGE LIBRARY
BANGALORE
11282
TG1
B47

പ്രസാധകർ

**അമലാ പബ്ളിക്കേഷൻസ്**

**അമലാപുരി**

**പി. ബി. 17, കോഴിക്കോട്-1.**

ഒന്നാംപതിപ്പ് കോപ്പി:-500

1960 സെപ്റ്റമ്പർ-

വില 75 ന.പ.

അച്ചടി

അമലാ പ്രിൻറിംഗ് വർക്ക്സ്

പി. ബി. നമ്പർ 17, കോഴിക്കോട്-1.

DHARMARAM COLLEGE LIBRARY
BANGALORE
11282

# രണ്ടു വാക്കു്

ഗാനങ്ങളിലൂടെയുള്ള പ്രാർത്ഥന നമ്മുടെ ഏകാഗ്രതയെ വർദ്ധിപ്പിക്കുകയും തീക്ഷ്ണമായ ദൈവഭക്തിയിൽ നമ്മെ ലയിപ്പിക്കുകയും ചെയ്യുമെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണു്. സംഗീതത്തിന്റെ വശീകരണവലയത്തിൽ തിര്യക്കുകൾ പോലും ഏകാഗ്രത പാലിക്കുമെങ്കിൽ മനുഷ്യമനസ്സിന്റെ കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ.

പ്രാർത്ഥനയുടെ വിജയം ദൈവസന്നിധിയിലേയ്ക്കുള്ള നമ്മുടെ ആത്മാവിന്റെ സ്വച്ഛന്ദമായ പ്രവാഹത്തിലാണു അന്തർലീനമായിരിക്കുന്നതു്. തന്നിമിത്തം സംഗീതാത്മകമായ പ്രാർത്ഥനയുടെ പ്രയോജനം ആരേയും പറഞ്ഞു മനസ്സിലാക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ നമ്മുടെ ഇടയിൽ ഇപ്രകാരമുള്ള പ്രാർത്ഥനയ്ക്കു് പ്രചുരപ്രചാരം ലഭിച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഈ ന്യൂനതയെ പരിഹരിക്കുന്നതിനും കത്തോലിക്കാ ബാലികാബാലന്മാരുടെ സംഗീതവാസനയെ വളർത്തുന്നതിനുമായിട്ടാണു ഞങ്ങൾ ഈ സാഹസസംരംഭത്തിനുദ്യുക്തരായതു്.

ഇവയ്ക്കും ഉപരി മറെറാരു ഉദ്ദേശവും ഞങ്ങൾക്കുണ്ടു്. സംഗീതവാസനയുള്ള നമ്മുടെ പല യുവകവികളും ഒന്നാംതരം പാട്ടുകൾ പലപ്പോഴായി പല അനുകാലിക പ്രസിദ്ധീകരണങ്ങൾ വഴി പുറത്തു വിട്ടിട്ടുണ്ടു്. അവകൾ ആ പ്രസിദ്ധീകരണങ്ങളിലൂടെ വെളിച്ചം കണ്ടുവെങ്കിലും, കാലാന്തരത്തിൽ നശിച്ചുപോകുവാനാണെളുപ്പം. ആ വിശിഷ്ട കലാശില്പങ്ങളെ ഒന്നടുക്കിക്കെട്ടി പൊതുജനസമക്ഷം സമർപ്പിക്കേണ്ടതു ഞങ്ങളുടെ കർത്തവ്യമായി ഞങ്ങൾ കരുതുന്നു.

ഈ ചെറുഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന 100-ൽ പരം ഗാനങ്ങളിൽ ചിലതിന്റെ രചിതാക്കളുടെ ശരിയായ വിലാസം നിശ്ചയമില്ലാതിരുന്നതു കൊണ്ടു് അവരെ അറിയിക്കാൻ സാധിച്ചിട്ടില്ല. അവരും ഞങ്ങളുടെ ഉദ്ദേശശുദ്ധിയിൽ സംതൃപ്തരാണെന്നു ഞങ്ങൾക്കു് വിശ്വാസമുണ്ടു്.

പ്രസാധകർ



# ക്രിസ്തുമസ്സ് ഗാനങ്ങൾ

## I

(വെണ്ണിലാവെ എന്ന രീതി)

പാതിരാവിൽ കൂരിരുട്ടിൽ
ജാതനായ ജഗരാജാ . . .
എന്തുകൊണ്ടീക്കാലിക്കൂട്ടിൽ
ശോഭ വീശി വിളങ്ങുന്നു
ശോഭ വീശി വിളങ്ങുന്നു.

(പാതിരാവിൽ)

1. പാപത്താൽ നാശത്തിലാണ്ടു കിടക്കുമീ . . .
ലോകത്തിൽ ശാന്തതയേകാൻ നീ . . .
മാനവനായി നിൻനിണമേകാൻ
വന്നു നീയിന്നിതാ ബത്‌ലഹമിൽ . . .
സ്നേഹക്കതിരുകൾ വീശിട്ടുവാൻ.
(പാതിരാവിൽ)

2 യേശുവേ രക്ഷകാ! ഭൂലോകരാജനേ
നിങ്കലണഞ്ഞിട്ടും ഈ സുതരെ
കൈവിടല്ലേ നീ കാത്തുകൊള്ളേണമേ
പാപക്കറകൾ നീക്കിടണേ . . .
മുക്തിമാർഗ്ഗം കാട്ടിടണേ
(പാതിരാവിൽ)

—∽—

## II

(ഏ അപ്നാദിൽ എ. മ.)

ഈലോകേയായ്–മൂലോകേശൻ
ഭൂജാതനായ്–ഗോശാലയിൽ–
അല്ലിൻപ്രശാന്തതയിൽ–പുല്ലണിമെത്ത തന്നിൽ
വല്ലഭനീശസൂനു–ലാലസിപ്പൂ
എന്നുണ്ണീശോ ! പൊന്നുണ്ണീശോ !
എൻമാനസേ നീ വാണിട്ടു. (ഈലോകെ . . .)

2. വാനവരായിരങ്ങൾ–വാനത്തണിയണിയായ്
അത്യുന്നതങ്ങളിലായ്–ഗാനം പാടി
പൊന്നുണ്ണിയേ വാഴ്ത്തിട്ടുന്നു–
ഞാനോ നിൻപാദേ മേവുന്നു– (ഈലോകെ...)

3. വാനിടേ കാന്തിചിന്തി–പാരിടം ശാന്തിയേന്തി,
ദൈവകുമാരൻ സത്യ–മർത്ത്യനുമായ്
ലോകപാപം–ഹനിച്ചീടാൻ
ഈലോകെ–വന്ന കുഞ്ഞാടെ! (ഈലോകെ.. )

## III

(കരിമലമുകളിലേ...പോലെ)

കാലിത്തൊഴുത്തിലായ്–കാലികൾ മദ്ധ്യത്തിൽ
വിണ്ണിൻ പൊന്നുണ്ണി പിറന്നുരാവിൽ . . .
പാതിരാവിൽ...അ...അ..ആ

1. പൊന്നുണ്ണി! എന്തേ പിറന്നു ഈ പുൽക്കൂട്ടിൽ, അ...
പൊൻപണി ചെയ്തിട്ടും ഗോപുരം വേണ്ട . . .

2. പൂന്തെന്നൽ വീശുന്നു പുതുപൂക്കൾ വിരിയുന്നു ആ
പുതുമയേകീടുന്ന പാട്ടു കേട്ടോ....

3 പൈങ്കിളി പാടുന്നു പൂമയിലാടുന്നു അ–ആ–
പുഞ്ചിരി തൂകുന്നു പാരിൻമക്കൾ....

4 പുഞ്ചവയലുകൾ–പുഞ്ചിരിതൂകുന്നു അ–ആ
പഞ്ചമം പാടുന്നു–പൂങ്കുയിലു്....

5 പൊൻമണിവീണകൾ മീട്ടിടാം പാടിടാം അ,ആ....
പ്രേമപ്രദായകാ പൊന്നുണ്ണിയേ...

6 പുഞ്ചിരിതൂകിട്ടും പൊന്നുണ്ണിയീശോയെ അ–ആ...
പൊന്മണി കണ്മണി പാട്ടുകൾ പാടാം...

7 പൊൻമുടിയണിയിക്കാം പൂത്താലം നല്കിടാം അ–ആ
പട്ടുടുപ്പു ചാർത്തിടാം പൂമേനിയിൽ . . .

8 പരിമളധോരണി പരത്തിട്ടും പുഷ്പങ്ങൾ അ–ആ
പൂജയായണച്ചിടാം പൂജിതനേ . . .

9 പരലോകെ വാണിട്ടും പരാപരനാഥനേ അ–ആ
പ്രേമത്തിൻ ഈരടികൾ പാടിടാം ഞങ്ങൾ . . .

10 പുതുമ നിറഞ്ഞൊരു പുതുലോകേ വാണിട്ടും അ–ആ
പുതുമണമണിഞ്ഞിട്ടും പുതുപുഷ്പമേ . . .

11 പാട്ടില്ലേ പൊന്നില്ലേ പൂമാലപ്പോല്യമില്ലേ അ–ആ
പൊന്നുണ്ണിയീശോയേ പ്രേമരാജാ . . .

12 പാരിൻപിതാവേ നീ പാലിക്കയെന്നുമേ അ–ആ
പുൽക്കൂട്ടിൽ ശയിച്ചിട്ടും പൂജ്യതാതാ....

13 പാദത്തിൽ വന്നിടാം പാപികളാം ഞങ്ങൾ അ–ആ
പാപങ്ങൾ മായിക്ക പാലകനേ

14 പാറിപ്പറത്തിടാം നിൻ പൊൻപതാകയെ അ–ആ
പാരിൻെറ മക്കളാം പാപികൾ ഞങ്ങൾ

15 പൂജിക്കാം പൂവിതറി പൂജയണച്ചിടാം അ–ആ
പുഞ്ചിരിതൂകുമോ പൊന്നുണ്ണിയേ

16 പോകല്ലെ പോകല്ലെ പൊന്നുണ്ണിയീശോയെ അ–ആ
പൂങ്കോവിൽ വാഴുക പൂജ്യതാതാ

17 പൊൻമുടിചൂടിട്ടും പൊൻകതിർ വീശിട്ടും അ–ആ
പരലോകറാണിതൻ പുന്നാരമോൻ

18 പാണിപങ്കജങ്ങൾ പാദേ കൂപ്പിടട്ടെ അ–ആ
പാപവിഹീനനേ പൊന്നുണ്ണിയേ

19 പൂച്ചെണ്ടുനൽകിടാം പൂമാലയണിയിക്കാം അ–ആ
പൂജിതാപാണികൾ കൂപ്പിടട്ടേ.

—✱—

## IV

യുദേയാ രാജ്യത്തു് ബത്‌ലേഹം നഗരത്തിൽ
പാരിൻെറ പാപം ഹരിക്കുവാനായ്
പാതിരാനേരത്തു് കാലിത്തൊഴുത്തിലെ
പുൽക്കൂട്ടിൽ പാവനൻ ജാതനായി.

ആഹ്ലാദചിത്തരാം മാലാഖമാരെല്ലാ—
മാനന്ദഗീതമുയർത്തി സ്വർഗ്ഗേ
അമ്പിളി പുഞ്ചിരിതൂകുന്ന താരങ്ങ—
ളംബരേ നിന്നു മൊളിഞ്ഞുനോക്കി.

അംബരേ നിന്നൊരു ഗാനമുയരുന്നു
ഇമ്പമുളവാക്കും സ്നേഹഗീതി
'അത്യുന്നതങ്ങളിൽ ദൈവമഹത്വവും
സത്തമക്കുർവ്വിയിൽ ശാന്തിതാനും.'

കാഴ്ചനിറയും കരങ്ങളുമായിതാ
ആഗതരാകുന്നു മൂന്നു നൃപർ
നവ്യശിശുവിൻെറ പാദം നമിച്ചിട്ടു്
നവ്യതയോടെ മടങ്ങിയവർ.

ഹേറോദേശ് രാജാവീ സ്വർലോകരാജാവിൻ
തിരുവവതാരത്തി ലാകുലനായ്
നാട്ടിലുള്ളാൺശിശു വൃന്ദത്തെ നിർദ്ദയം
വെട്ടിവധിക്കുവാനാജ്ഞനൽകി.

കഷ്ടമാപാവം കിടാങ്ങളാദുഷ്ടൻെറ
നിഷ്ഠൂരവാളിനാലററുവീണു.
ഓർക്കുകിൽഭീകരം ഈനീചകൃത്യത്തിൽ
കട്ടിയാം കല്ലുമലിഞ്ഞുപോകും.

—○○—

# V

(ഹിന്ദി "പ്രിഥ്വിരാജ് ചൗഹൻ"ലെ "ജനനി ജന്മഭൂമി"—പോലെ)

വരുക! വരുക! സോദരെ! ഈശോവന്ദനനെ
വാഴ്ത്തിടാം
മനുഷ്യരക്ഷ യേകിടാനായ് ദൈവപുത്രൻ
ജാതനായ്
വരുക . . .

1 വിണ്ണിൽവാഴും ഏശുനാഥൻ
മഹിതലത്തിൽ ജാതനായ്
വിണ്ണിൻ പ്രകാശമീ മന്നിൽ പകൎന്നുവാൻ
ദൈവസൂനുവാകിലും ദായാർഹമായ്
ജനിച്ചഹോ (2)
വരുക! വരുക! . . .

2 വാനലോകമാനമിച്ചു മാനവൎക്ക പ്രീതിയിൽ
പാവന പ്രഭാഗണം ചൊരിഞ്ഞുപാത കാട്ടണം
വാഴ്കെൻെറ മാനസെ മനോഹരാദായാകരാ (2)
വരുക! വരുക!......

3 വാനവൃന്ദമൊക്കെയൊത്തു പാടിടുന്നു
നിൻസ്തുതി
മാമകാത്മവീണമീട്ടി പാടിടുന്നു നിൻസ്തുതി
നീ കനിഞ്ഞുഎങ്കിൽ ഞങ്ങൾ പൂങ്കുയിൽപോൽ
പാടിടും (2)
വരുക! വരുക! . . . .

4 പാപികൾക്കനന്ത ശാന്തി ഏകുക
ദയാനിധേ

ക്ലേശഭാരം പേറിടുന്ന ദാസരിൽ കനിയണെ
അനുഗ്രഹിക്കു പാപികൾക്കനന്ത ശാന്തി
നൽകുക (2)
വരുക! വരുക!. . . .

# VI

[വൃന്ദാവനം]

ക്രിസ്തുമസ്സ്! ക്രിസ്തുമസ്സെങ്ങു, മെല്ലാടവും
ക്രിസ്തുവിൻ നാമത്തിലാഹ്ലാദപൂരിതം.
ആയിരത്താണ്ടുകൾക്കപ്പുറത്തന്നൊരു
രാവിൽ ശരീരിയായ്ത്തീർന്നോരു ദേവനെ
കോൾമയിർ കോലുന്ന പാവന ഭക്തിയാൽ
വാഴ്വ് പറഞ്ഞു നമസ്കരിച്ചീടുന്നു.
കല്മഷഹീനൻ കദനം സഹിച്ചവർ-
ക്കമ്മഹാനേകി,യമൂല്യവചസ്സിനാൽ:-
"മർത്ത്യർ മഹിയിൽ സഹോദരന്മാരവർ"
സത്യം, സനാതന വേദാന്ത ഭാഷിതം.
"ഈശ്വരന്നർഭകർ, ധൂർത്തനുമാർത്തനും"
ഈശോ! മൊഴിഞ്ഞു ജഗദേകവന്ദിതൻ.
ആതുരക്കാലംബരമ്മഹാൻ തന്നുടെ
ആദർശമെത്ര മഹത്തരമാർന്നതാം.

പാപിയാം മർത്ത്യന്നു് നിത്യജീവൻ നല്കാൻ
ത്യാഗിയാമദ്ദേവൻ മുൾക്കിരീടം ചൂടി.
ഇന്നു തൻ മക്കളോ...? തന്നാമധേയത്തി-
ന്നൗന്നത്യമെല്ലാം മറന്നതുപോലെയായ്.....

ത്യാഗവും, സ്നേഹവും, വാഴ്വൊഴി മാത്രമായ്
ഭാഗികമാക്കുന്ന പൂൎണ്ണ ചൈതന്യത്തെ.

നമ്മിലഭയം തേടീടുന്നഗതിയെ
ഉമ്മവച്ചോമനിച്ചീടേണ്ട ശിഷ്യർകൾ

തങ്ങളിലുള്ള കടമകളോരാതെ
തിങ്ങിന ശോകാബ്ധിതന്നിലാഴ്ത്തീടുന്നോ:...?

പാഷാണക്ഷേപമോ....? പാപികൾക്കായ് പണ്ടു
പാഷാണമാനസർ, നിർമ്മിച്ച നീതികൾ;

സാക്ഷാൽ ജഗദേകവന്ദ്യ,നതൊക്കെയും
ഭോഷത്വമെന്നു തെളിയിച്ചോരന്തിയിൽ.

വന്ദിതന്മാരേ! മനുഷ്യരേ! നിങ്ങൾക്കു്
വന്ദ്യമാം ദ്യോവിൻ വഴിവിളക്കങ്ങിതാ;

കാൽവരിതന്നിൽ, കരിമ്പാറമേൽ, ക്രൂശിൽ,
കാവലായ് നില്ക്കുന്നിതാകമ്രകാന്തിയാൽ।

തെല്ലു പകയ്ക്കേണ്ട! നിങ്ങ,ളക്കാല്ക്കലെ
കല്ലിലൊലിപ്പതു, രക്തകണങ്ങളാം.

അല്ലിലും അല്ലൽപെട്ടുന്നോരഹസ്സിലും
തെല്ലും മടിക്കാതെ നിങ്ങൾ ചെയ്തീടുന്ന

പാപഭാരത്തെക്കഴുകിക്കളകയാം....
പൂതമാം തന്നുടെ ഹൃദ്രക്തനീരിനാൽ;....,



# തിരുഹൃദയഗീതങ്ങൾ

(ഈ മണ്ണിൽ വീണ നിൻെറ.............)

വാനദൂതർ പാടിടുന്നു, പൊന്നലകൾ പാടിനില്ക്കയായ്
രാവതിൽ സ്വർഗ്ഗമാകവേ, ശോഭനാഭ ചൂഴിനില്ക്കയായ്!
(വാനദൂതർ . . . .

ലോകത്തിൻ പ്രതീക്ഷകൾ, നാകലോകഭാഗ്യങ്ങൾ
നല്കുവാൻ വന്നിതാ, (ലോകത്തിൻ . .

പൂക്കളൊന്നു പാടവേ_താരകം തുളുമ്പവൊളിതൂകവേ
ബേത്ലഹേമിൽ ജാതനായി നാഥൻ. (പൂക്ക..വാ..

ഓ... ... രാജധിരാജനാം നീ
ഓ... ... പാരിതിൽ പാലകൻ നീ

നിൻപൊൽപിറവിയാലെങ്ങൾ
നേടിശാന്തി മോക്ഷഭാഗ്യം നാഥാ (നിൻ പൊൽ..
പൊൻകതിരിൻ പൂവാടിയിൽ
പുഞ്ചിരിതൂകും പുൽക്കൂടിലിൽ
സ്നേഹഗാനമാലപിക്ക നമ്മൾ... (പൊൻ... വാ...

ഓ......ഭൂലോകരാജനായ് നീ
ഓ......പാപിതന്നാശ്വാസമായ്

നിൻപ്രേമസംഗീതധാര
ഉണർത്തിടട്ടെ ഇപ്രപഞ്ചമാകെ (നിൻപ്രേമ......
അന്ധതതന്നിലുഴലും നിൻ
സുതരീ ഞങ്ങൾ പാടുവാൻ
നീ അജയ്യനാഥനായ് നിൽപ്പൂ ... (അന്ധ...വാ...

ഓ......ത്യാഗത്തിൻ പൊൻ ദീപമായ്
ഓ... . സ്നേഹത്തിൻ കേദാരമായ്

പുൽക്കൊടിയമ്പിളി താര–
ഗണങ്ങളാകെ പുഞ്ചിരിച്ചാ രാവിൽ പുൽക്കൊ...
വരികതോഴരെ സദാ
കനകക്കാഴ്ച നേർന്നിടാൻ
വാനദൂതർ പാടിടുന്നു കേൾപ്പൂ (വരിക... (വാ....

## 2

("ഏ മാലിക് തെരെ ബൻദഹം..." എന്ന രീതി)

ഹാ! യേശുമഹേശ്വരനെ!
ഈ ലോകത്തിന്നാശ്രയമെ!
പാപിയാമെന്നെ നീ
കാത്തുകൊള്ളേണമെ
കൂരിരുൾ തിങ്ങുമീ ഭൂതലേ .... (ഹാ! യേശു..,)

1 പാപക്കൂരിരുളിൽ നീന്തി ഞാൻ
ഹാ തേടുന്നു നിന്നാശ്രയം

സ്നേഹസാഗരമെ! പാരിന്നാശ്രയമെ!
നിൻ ദയതുകണേ,യീ പാപിയിൽ... (ഹാ യേശു..)

2 എൻ്റെ പാപത്തിൻ ക്രൂരതയാൽ
നീ ക്രൂശിതനായ് തീർന്നിതാ
പുണ്യസാരാംശമെ! സർവ്വസംപൂജ്യനെ!
പാപിയാമെന്നെ കാത്തീടണെ... ഹാ! യേശു...)

—✵—

## 3

(ദിൽദേഖോയിലെ "ദിൽതക്ദോഖാ" എ. മ.)

പാടുകനാം പാടുകനാം ക്രിസ്തുഗാനങ്ങൾ
വാഴ്ത്തിപ്പുകഴ്ത്തിടാം ഏശുനാഥനെ
ഏകു, ഏകു, ഏകു, നീ നൽവരങ്ങൾ
വരു, വരു, വരു, നീ എൻ മാനസത്തിൽ
ആഹാ! പാടിടാം മീട്ടിടാം താവകഗാനങ്ങൾ
ഓഹോ! അണയുന്നു നിൻമക്കൾ നിൻസവിധേ
(പാടുക)

പാടാം പാടാം പാടാം നിൻഗീതികൾ
തൂകു തൂകു തൂകു നിൻ ആശിസ്സുകൾ
ഹാഹാ! സാമോദം ഏകീട്ടു നിൻദാനങ്ങൾ
ഹോ ഹോ! പോയിടാം ഏശുവിൻസന്നിധിയിൽ

## 4

[മണമുള്ള പൂക്കളെൻെറ-മനതാരിൽ... എ. മ.]

അഴലിൻെറ പാഴ്ചളിയെൻ-
വഴിത്താരിൽ നിറയുമ്പോൾ,
അലിവേകാൻ മാരിതൂകാൻ-വരുമോനാഥ!
പലനാളും മന്നിൻെറ-
മധുതേടി നടന്നോരെൻ-
പിഴപോക്കി വരമേകാൻ-വരുമോനാഥാ!
നിണധാര നിന്നോമൽ-
തളിർമേനി ചൊരിഞ്ഞപ്പോൾ
സുഖംതേടിയലഞ്ഞോനിൽ-വരുമോനാഥാ
കരൾ നീറിക്കരയുന്നോൻ-
കരുണയ്ക്കായ് പാപിയെന്നിൽ-
അണയാത്തോരാശയേകാൻ-
വരുമോനാഥാ! [അഴലിൻെറ....

## 5

(വീണപൂവേ!......എ. മ)

സ്നേഹനാഥാ! സ്നേഹനാഥാ...!!
പൊഴിപ്പതെന്തിനു നീ
സ്നേഹം പൊഴിപ്പതെന്തിനു നീ
മാനുഷനെൻനേർക്കായി നീ...(സ്നേഹ:..)

1 ഒരിക്കലെൻെറ ചെയ്തികളാൽ നീ
കരഞ്ഞുപോയില്ലേ...?

നിറഞ്ഞയെൻ ദുഷ്ക്രിയകളാലെ
മരിച്ചു നീ മണ്ണിൽ...(സ്നേഹ )

2 തറച്ചു കയ്യിൽ കയ്യാണി, ഞാ-
നുയർത്തി പന്തങ്ങൾ!
കൊളുത്തി നിൻ തിരുഹൃദയത്തിൽ ഞാൻ
കട്ടത്ത കുന്തങ്ങൾ!!... (സ്നേഹ...)

3 നിറഞ്ഞ നയനങ്ങളുമായ് നാഥാ
വരുന്നു നിൻ മുന്നിൽ,
കനിഞ്ഞിടേണെ! മകനായങ്ങെ
കരങ്ങൾ നീട്ടണമേ...!! (സ്നേഹ...)

## 6

(ഫിലിം: 'സന്താൻ' കഥ: ത്താഹെ പ്യാർമേര ഏ. മ )

നാഥാ! തുണച്ചിടേണെ
നിൻ, ദാസർ, ഞങ്ങളെ.
പാപം ചുമന്നീട്ടുന്ന,
നിൻ, ദാസർ ഞങ്ങളെ

1 ഓസ്തിയതിൽ വാഴും, ബന്ധിതനായ് നിത്യം,
പാപഭാരം പേറിട്ടുന്ന പാപികൾക്കായി
ഓസ്തി.........
പാപ.........
നാഥാ!......നാഥാ!......നാഥാ!......

2 പാപികളാം ഞങ്ങൾ, നിൻകടാക്ഷമേകാൻ
കൂപ്പുകൈകളോടെയിതാ! വന്നിട്ടുന്നിതാ!

പാപി......
കൂപ്പു......
നാഥാ!......നാഥാ!......നാഥാ......
നാഥാ! തുണ......

## 7

[ഹിന്ദി കൈതി NO: 911–ലെ മീട്ടിമീട്ടി താരെ]

വരു വരു ദേവാ മനമലരിൽ
മധുരം ചൊരിയും മന്ത്രവുമായ്

ഘോരപാപമാം പാറകളിൽ
പാഞ്ഞിടിച്ചു ഞാൻ വീണീടുമ്പോൾ
സാന്ത്വനമരുളാൻ പുളകമണയ്ക്കാൻ
ജീവനാഥാ നീ വരണേ.

(വരു വരു ദേവാ...

കണ്ണുനീരതിൻ താഴ്‌വരയിൽ
കരൾ തകർന്നു ഞാൻ പാടീടുമ്പോൾ
തവ മണിവീണാഗാനമൃതിത്തെൻ
കരളിൽ കുളിർമഴ പെയ്യണമെ.

(വരു വരു ദേവ...

ഞാൻ നടന്നീടും വീഥികളിൽ
ഇരുൾ നിറഞ്ഞിട്ടും വേളകളിൽ
നക്ഷത്രാരിയിലെ പൊൻപ്രഭയേ നീ
വരികെൻഹൃദയേ വാണീടുവാൻ.

(വരു വരു ദേവ...

## 8

[അദ്ധ്യാനിക്കുന്നവർക്കും......എ. മ.]

ഭാരമാം ക്രൂശുംപേറി പോകുന്ന സ്നേഹരാജാ
ഹീനനാം പാപിയിതാ കേഴുന്നു മാപ്പിനായി
താതാ ഞാൻ ചെയ്തുപോയ പാതകമോർത്തിടല്ലേ
സ്നേഹമോടിനിനിൻെറ ക്രൂശുഞാൻ വഹിച്ചിട്ടും.
സ്നേഹത്തോടെൻഹൃത്തിൽ നീ വാഴണേ
സ്നേഹരാജാ
മാമകസർവ്വമായി മാമകജീവനായി
നിന്നിൽ ഞാനെന്നുമായി എന്നിൽ നീയെന്നുമായി
സ്നേഹത്തിൻ ബന്ധനത്താൽ ഒന്നായ് നാം
തീർന്നിതല്ലോ

—○○—

## 9

(മുടിനാരേഴയായ് കീറിട്ടെ......എ. മ.)

1. ക്രൂശിൽ തൂങ്ങിയയീശോയെ
നിർമ്മലനേശുകർത്താവെ
സൌരഭ്യമേറിയ നിൻ മുഖമിപ്പോ-
ളെവിടെപ്പോയിയീശോയെ!
2. ക്രിസ്തുനാഥനീശോയെ
ഗാഗുൽത്തായിലീശോയെ
സുന്ദരസുരഭിലനിൻമിഴിയിപ്പോ-
ളെവിടെപ്പോയിയീശോയെ!
3. നേരം മണി മൂന്നായപ്പോൾ
ഗാഗുൽത്തായിലൊരു തരുവിൽ

തുങ്ങിമരിച്ച യീശോയെ നിൻ
മോഹനമത്ഭുതമെവിടെപ്പോയ്!

4. ആയിരമായിരമാൽക്കളുള്ളിൽ
ക്രൂശിൻമുകളിൽ നോക്കീട്ട്
മേരിനാഥ കന്യക വെള്ളി-
കണ്ണീർ തുള്ളികൾ വാർക്കുന്നു. (ക്രൂശി...)

## 10

(കൃഷ്ണാ...... കൃഷ്ണാ...... എ. മ.)

നാഥാ.... നാഥാ.... നാഥാ....
നാഥാ..........................................
കാൽവരിമാമലതന്നിൽ
ഭാരമാംക്രൂശിൽ നാഥ...കാൽവരി
പാപികൾതൻ രക്ഷയ്ക്കായി
നാ...യ...കാ. .നാഥാ.. കാൽവരി
സ്നേഹഗീതം മീട്ടിടുന്ന...
പൈങ്കിളികൾ പാടിയില്ലാ...,
ലോകമാകെ കൂരിരുളിൽ
മുങ്ങിമയങ്ങീ ..നാഥാ...കാൽവരി
അർക്കചന്ദ്രദീപമെല്ലാം
കൂരിരുളിലാണ്ടു....
ലോകനാഥാ നിൻെറ അന്ത്യം
ചരിത്രംകുറിച്ചു ..നാഥാ...കാൽവരി

## 11

('യഹൂദി' എന്ന ചിത്രത്തിലെ ഏമെരാദീവാന......എന്ന ഗാനരീതി)

ഏശുവെ! രാജാധിരാജാ
സ്നേഹപൂരിതനാം സർവ്വേശാ
നീ വരേണമെയെൻ ഹൃദയെ
മേരിസുതനെ!–നായകാ

–ഏശുവെ...

1 കാൽവരി മല മുകളിൽ
ക്രൂശിതനായ് പാപികൾക്കായ്
സ്വർഗ്ഗരാജ്യം നീ തുറന്നു
പാപഹീനമാനുഷർക്കായ്

–ഏശുവെ....

2 പാപികൾ തൻ ആശ്രയം നീ
അഭയസങ്കേതവും നീ
നിൻവരങ്ങൾക്കായ് ഞങ്ങൾ
കേണിടുന്നീ ക്രൂരിതുളിൽ.

–ഏശുവെ....

—ooo◆ooo—

## 12

[എൻഹൃദയം···എ. മ.]

നിൻഹൃദന്തം നീറി നീറി
നീ മരിച്ചോ...?യെൻപാപമാലെ,
കാൽവരിയിൽ ശോകയാഗം
നീമരിച്ചോ...? സ്നേഹരംഗം...?

പ്രാണനാഥാ...ആ...ആ..
സ്നേഹതാതാ. .ആ...ആ... (2)
നീമാത്രമാണെൻറാത്മദീപം! (നിൻഹൃദന്തം)

1 താരകങ്ങൾ മാഞ്ഞുപോയി,
താമരകൾ കരിഞ്ഞുവീണു,
പാടിയില്ലാ...ആ...ആ...
ആടിയില്ല...ആ...ആ... (2)
പൂങ്കിളികളാവാടി തന്നിൽ. (നിൻഹൃദന്തം)

2 മാനുഷാ! നിൻചെയ്തിയല്ലോ...
കാൽവരിയിലേ ശോകയാഗം...?
സ്നേഹരാജാ...ആ...ആ...
ലോകരാജാ...ആ...ആ... (2)
നീ പിരിഞ്ഞിനിപോകരുതേ!!
(നിൻഹൃദന്തം)

## 13

(പച്ചവിരിച്ച പാടത്തെല്ലാം······പോലെ)

പാവനമാം ചെറു ബലിപീഠത്തിൽ രാവും പകലും
വാണരുളും
മേരിസുതാ മമ ജീവേശാ ഞാൻ കുപ്പി വണങ്ങാമെ-
ന്നെന്നും

കൂട്ടുകാരാരെയും കാണാതെ നീ നിത്യം
ഏകനായ് വാഴുന്നു; പേടിയാവുന്നുണ്ടോ!
മാമക ഹൃത്താർ തേടിപ്പാരം വലയുന്നെൻ
നല്ലീശോയെ

താവക ദാഹം തീർക്കാമടിയൻ, ഓടിവരുന്നങ്ങേ
പാദേ. (പാവനമാം ചെറു ബലി......

നൽവരാനുഗ്രഹപൊൻകതിർ തൂകി നീ-
പാവങ്ങൾ ഞങ്ങളെ ധന്യരാക്കീടുവാൻ
ആരും നിന്നെ അറിയാതെ-പാപച്ചേറിൽ
മുഴുകുന്നു
തെറ്റുകളൊക്കെ ക്ഷമിച്ചു വരഗണകുസുമം
ചൊരിയുക ഈശോയെ.
(പാവനമാം ചെറു ബലി......

## 14

[വൈക്കം കായലിലോളം തല്ലുമ്പോ...... എ. മ.]

പുലരിപ്പൂങ്കോഴിയുണർന്നു കൂവുമ്പോ-
ളോർക്കും ഞാനെന്റെ ഈശനെ.
കളകളഗാനം കിളികൾ പാടുമ്പോ-
ളോർക്കും ഞാനെന്റെ ഈശനെ.
പുലരിപ്പൂക്കളെപ്പറിച്ചു കോർക്കുമ്പോ-
ളോർക്കും ഞാനെന്റെ ഈശനെ.
അടുത്തകോവിലിൽ മണി മുഴങ്ങുമ്പോ-
ളോർക്കും ഞാനെന്റെ ഈശനെ.
നടയിലമ്മച്ചി തിരികൊളുത്തുമ്പോ-
ളോർക്കും ഞാനെന്റെ ഈശനെ.
പൂനിലാവലയോളം തല്ലുമ്പോ-
ളോർക്കും ഞാനെന്റെ ഈശനെ.

നിരന്ന താരങ്ങൾ നിറഞ്ഞു മിന്നുമ്പോ-
ളോക്കും ഞാനെൻെറ ഈശനെ.

പുലരിപ്പൂങ്കോഴി......

—:—

## 15

(കൃഷ്ണാ...പ്രേമത്തിൻ പുഷ്പകിരീടം......എ. മ.)

നാഥാ......നാഥാ......നാഥാ......

നാഥാ...പാപത്തിൻ മുൾക്കിരീടം

തൻതിരുശിരസ്സിലാഴ്ത്തി

പാപികൾക്കായ് മരിച്ച യേശുനാഥാ...

നാഥാ......നാഥാ......നാഥാ......

കാൽവരി മാമലയിൽ നീ ചൊരിഞ്ഞ രക്തം

ഞങ്ങൾ ചെയ്ത പാപത്തിൻ കറ കഴുകി

(നാഥാ...പാപത്തിൻ...

നാഥാ......നാഥാ......നാഥാ......

പാപത്തിൽ വീണു ഞങ്ങൾ ശാപത്തി
ന്നർഹരായി

കേഴുന്നു ഭുവിലിന്നും കരുണാകരാ...

(നാഥാ...പാപത്തിൻ...

നാഥാ......നാഥാ......നാഥാ......

## 16

[ആ മലർ പൊയ്കയിൽ...എന്ന രീതി]

ഗാഗുൽത്താമാമല തന്നിലണഞ്ഞൊരു-
സ്നേഹത്തിൻ ദീപമേ വാഴ്ക
പാപികളായോരീ ഞങ്ങളെയോർത്തു നീ
ക്രൂശിൽ മരിച്ചുവോ നാഥാ... (ക്രൂശിൽ...
പാപാന്ധകാരത്തിൽ മുങ്ങിട്ടും ഞങ്ങളെ
സ്നേഹാൽ നയിക്കുന്നതെന്തേ...
മായിക സ്വപ്നത്തിൽ നിന്നെ മറന്നു ഞാൻ
ജീവിച്ചുപോകുന്നു; നാഥാ... (ജീവിച്ചു...
പുഞ്ചിരി തഞ്ചിട്ടും നിൻചുണ്ടിൽ ചെഞ്ചോര
ധാരയൊഴുകിട്ടുമ്പോൾ...
കോരിത്തരിപ്പിച്ചാച്ചെഞ്ചോരത്തുള്ളികൾ
ഞങ്ങളേ നോക്കി വിളിപ്പൂ... (ഞങ്ങളെ നോക്കി.
മർത്ത്യരെക്കാണുമ്പോൾ, രക്തമൊലിച്ചിട്ടും-
നിൻമുഖം വാട്ടുന്നതെന്തേ...
ഞങ്ങൾതൻപാപങ്ങൾ നിൻതിരുമേനിയിൽ
വീണ്ടും ക്ഷതങ്ങളായ് തീർന്നോ... (വീണ്ടും ക്ഷത...
മർത്ത്യരെക്കാണുമ്പോൾ സ്നേഹാൽത്തുടിച്ചിട്ടും
നിൻചിത്തം നോവുമോ ദേവാ?
നിന്നോമൽ ചുണ്ടിലായ് പുഞ്ചിരി കാണുവാൻ
പ്രാർത്ഥിക്കും നാഥാ നിൻ പാദേ... (പ്രാർത്ഥിക്കും...

## 17

(വെണ്ണിലാവേ എന്ന രീതി)

സ്നേഹരാജാ ദീനദയാലോ
നരകുലകന്മഷഹാരകനേ,
പാപഭാരം പേറുമെന്നേ
കാത്തിടേണേ കരുണാബ്ധേ!......

1) അന്ധതപൂഴമെൻമനതാരിൽ
പൂകിടാനാശയിലനുനിമിഷം
പാത്തിരിക്കും പാവനരൂപാ
ധന്യഗുരോ വരദായകനേ...

2) വിഗതമതി ഞാൻ പ്രയതമാകും
വീഥിവിട്ട നിൻ വിമതനുമായ്,
വ്യഥിതമതിയായ് കേണിടുന്നു
താവകകരുണകൾ തൂകണമേ...

-~-

## 18

(വെള്ളാരങ്കുന്നിലേ......എ. മ.)

പൈക്കളിൻ ശാലയിൽ പാതിരാനേരത്തു
ഭൂജാതനാകിയ രാജാവേ!
ആനന്ദരൂപനേ! ആരാധിച്ചീടുന്നീ
യേഴ ഞാനങ്ങയെ രാജാവേ!

സൗഭാഗ്യം നൽകുവാൻ ക്രൂശുചുമന്നൊരു
സേവനമൂർത്തിയാം രാജാവേ.
ക്ലേശിതർക്കെന്നുമേ ആശ്വാസമേകിടും
സ്നേഹസ്വരൂപനാം രാജാവേ!

നീട്ടുകനിൻകരം കാട്ടുകനേർവഴി
ജീവിതപാതയിൽ രാജാവേ!
ഭാരതഭൂമിയിൽ താവകവിൺകൊടി
നിസ്തുലം പാറട്ടെ രാജാവേ!

## 19

(ഈശപുത്രനേവാ……)

ഈടേറും ക്രൂശുമായ്
ഈശോ വിവശനായ്
ഈ ജഗത്തിലെപ്പാപമകററുവാൻ കാൽവരി കയറി,
എൻപ്രിയനാഥനേ,
പാപികളാമെങ്ങൾ
ചെയ്യൊരു ഭീകരപാതകമേററിയ ഭാരകുരിശുഹാ!
പാപികൾക്കഴലിൽ
ഏകാവലംബമേ,
ക്രൂരതകാട്ടിയ ഞങ്ങളിലെന്നും നീ ശാന്തിപൊഴിക്കണേ.
മേലിലെൻറീശോയേ,
പാപം വെടിഞ്ഞുഹാ!
പുണ്യമാന്നെന്നു മീ മഹീതലത്തിൽ കീർത്തിച്ചിടാം മുദാ.

## 20

(അഴകാന്നിട്ടുമെൻ പ്രിയദേശം……എ. മ.)

ജയസർവ്വചരാചരനാഥൻ
ജയമൂവുലകേശ്വരനീശൻ

ജയകന്യകമേരിതനൂജൻ
ജയ രക്ഷകനാം ക്രിസ്തുരാജൻ.

ജയകന്മഷപഹാരകനീശൻ
ജയമെൻഹൃദയേശ്വരനീശൻ
പാടിവാഴ്ത്തിടുന്നു സൃഷ്ടിജാലമെല്ലാം
നിൻപാവനമാം തിരുനാമം.

അമൃതം പൊഴിയും തിരുനാമം
അതുലം സുമനോഹരനാമം
അലിവിൻ സ്ഫുരണമാദിവ്യനാമം
അമലാസുതനേശുവിൻനാമം.... ജയ....

ജഗൽത്രാണകനേശുമഹേശാ
ജനകോടികൾക്കാശ്രയദാതാ
എന്നും പാറീടട്ടെ, വിണ്ണിൽനിൻ തൃക്കൊടി
ഇപ്പാരിനുഭാവുകമേകാൻ.

ശരണംതനയർ പദതാരിൽ
തരണംസദയം തവശക്തി
കരുണാംബുധിയാം സകലേശാ
വരണം ഭുവിയിൽ തവരാജ്യം.... ജയ....

## 21

[ഹിന്ദി 'ഉജാല'യിലെ 'അബ്ബ് കഥാ ജായെ ഹം' എ. മ.]

ഏശുവെ! വാഴക–ഭാവുകാഗാരമെ
മന്നിലെ കൂരിരുൾ–പോക്കിടും ദൈവമെ
എന്നിലെ ഹീനത–നീക്കിടും ദിവ്യനെ
പാഹിമാം പാപിയെ–കാത്തരുൾ രക്ഷക
ഏശുവെ...വാഴക...

1. വഴിപിഴയാതീഭൂവിൽ–വാഴാൻ വരമേകനീ
അരുതരുതീശാകോപം–ഞാൻ മാമകപുത്രനും 2
പാഹിമാം ദൈവമെ–പാപിയെ കാത്തരുൾ
മർത്ത്യനായ് ഹീനനായ്–തീർന്നതും നീയഹോ

ഏശുവെ വാഴക...

2. ചുട്ടചോരയൊഴുക്കിയനീ–കൈകാൽകൾ
വലിഞ്ഞനീ
ഈപാപികൾ ഞങ്ങൾക്കായ്–മരക്കുരിശതി
ലേറിയോ 2
ദൈവമെപാതകം–ക്ഷമിക്കണെസ്നേഹമായ്
നിത്യവുംവാഴകെൻ–മാനസേപൂജ്യനായ്

ഏശുവെ വാഴക...

3. അവമാനിതനീശോയെ–കരുണാകരനീശോയെ
വെറുമാശകൾതേടിയിവൻ–കൊട്ടപാതകിയായ്
തീർന്നേൻ
മാനുഷർക്കായിനീ ഏകിനിൻദേഹവും
ദേഹിയുംനൽകിയ നാഥനെ കാത്തരുൾ

ഏശുവെ വാഴക ..

## 22

(പോകയോ പോകയോ പൊൻകതിരേ... എ മ.)

പോകയോ, പോകയോ, സ്നേഹതാതാ
പോവല്ലേ, പോവല്ലേ, ദിവ്യനാഥാ
വന്നീട്ടുക സ്നേഹതാതാ
പാപത്താൽ മാലിന്യമാമെൻ ഹൃത്തിൽ

ആ .. ... ... ... ...
ആ മണിമേടതന്നിൽ
ആ... ... ... ... ...

പള്ളികൊള്ളുന്ന നീ
സുസ്മേരവദനനായ
പൊന്നുണ്ണി ഈശോയെ നീ
എഴുന്നള്ളുകയെൻ ഹൃദയത്തിൽ
താരങ്ങളാം ഹാരം ചാർത്താം.

ആ......ആ......
(പോകയോ......

ആ... ... ... ... ...
അണയാത്തപൊൻ ദീപമേ
ആ... ... ... ... ...

വിലസുകനിൻ കോവിലിൽ
മാപ്പിരന്നീടുന്നു ഞാനും
താതാനിൻ പിഞ്ചുകിടാവ്
എന്നിലങ്ങുനീ കരുണയുണ്ടായ്
നീട്ടിടുക തൃക്കരങ്ങൾ. ആ...ആ...
(പോകയോ....

## 23

(ഐസബാ ദിൽ മെ കഫ്സരാ......)

രക്ഷകാ, നിൻ പദാംബുജം
കുമ്പിടാൻ വെമ്പിടുന്നു സാദരം.

സത്യരൂപാ, ദിവ്യനാഥാ
എന്നുമെന്നുമെ നയിക്കഞങ്ങളെ മുദാ.

രക്ഷകാ......

സ്വർഗ്ഗലോകഭാഗ്യമേകി മാനവർക്കു നീ
പാപിയെൻ ചേതസ്സിൻെറ രാജനായ നീ.
മർത്യവംശം സ്വർഗ്ഗമേറാൻ
നിത്യവും പാതകാട്ടും നാഥനല്ലേ നീ.

രക്ഷകാ......

അല്ലലാന്ന ചേതസ്സോട്ടകൂടി ഞങ്ങളും
ദാനമേററിടാൻ വരുന്നു പാണിനീട്ടിയും.
ആത്തരായണഞ്ഞിടുന്ന നിൻെറ മക്കളിൽ
ഹൃത്തുണർത്തി നിൻ നന്മകൾ ചാർത്തു നീ.
ധന്യമാകും രക്ഷയങ്ങിൽ
കാണുമേ, നിൻ പാദമേറി സ്നേഹ
കാന്തിയാൽ.

രക്ഷകാ......

—✷—

## 24

(ഹിന്ദി "അനാഡി"യിലെ "ദിൽ കീനസർസെ..." എ. മ.)

ഗാഗുൽത്താമേലെ ഇരുചോരർ മദ്ധ്യേ
ക്രൂശും ചുമന്നു ശോണം ചൊരിഞ്ഞു്
പ്രാണൻ വെടിഞ്ഞതീശൻ......

പാരിൻ കടങ്ങൾ പോക്കാൻ പിറന്ന
കാരുണ്യരൂപൻ സ്നേഹസ്വരൂപൻ

പ്രാണൻ വെടിഞ്ഞതീശൻ...

ഗാഗുൽത്താമേലെ............

1. ഹാ! ക്രൂശതിൽ നോക്കു മനുജ ! മഹേശൻ
നിൻ ക്രൂരമാം പീഡനങ്ങൾ സഹിക്കുന്നു നാഥൻ
പരിഹാസ്യനായി, പരിത്യക്തനായി
ക്രൂശും ചുമന്നു് ശോണം ചൊരിഞ്ഞു്
പ്രാണൻ വെടിഞ്ഞതീശൻ...

ഗാഗുൽത്താമേലെ............

2. എൻ കണ്ണുനീർ തുടച്ചോരു തങ്കക്കരങ്ങൾ
ഞാൻ, ഭീകരം! കാരിരുമ്പാണിയിൽ
ചേർത്തുപോയ്
പങ്കം പകന്ന മുള്ളിൻ കിരീടം
തല്ലിത്തറച്ച വൻപാപിയെന്നെ
കാത്തീടുകാ മഹേശാ...

ഗാഗുൽത്താമേലെ............

3. ഓ...ഊഴിയിൽ പാപമാലിന്യം പോക്കീടുവാൻ
ഈ ഭൂമിയിൽ ശോകക്കുഞ്ഞാടായ് വന്നോരെൻ
നാഥൻ
പരിഹാസ്യനായി പരിത്യക്തനായി.
ക്രൂശും ചുമന്നു് ശോണം ചൊരിഞ്ഞു്
പ്രാണൻ വെടിഞ്ഞതീശൻ.

ഗാഗുൽത്താമേലെ........ ...

## 25

[പാഹിപരമേശ്വരി…എ. മ.]

വാഴ്ക, പരമസുദാ! വാഴ്ക, പരമസുദാ!
വാഴ്ക! ചരാചരരാജനായ്… (2) ആ ആ

1. താരകങ്ങളാവാനിൽ വിരിയുകയായ്,
മോദം ചിരിതൂകയായ്,
അനഘമാം പുഞ്ചിരി തഞ്ചിനിലാവും
വിരവൊട്ട തെളിയുകയോ? (വാഴ്ക…

2. ശുഭദീപമേ! വിണ്ണിൽ പ്രഭാതാരമേ!
പൊന്നിൻ മണിദീപമേ!
മന്നിലാകെ സമാധാനദീപം കൊളുത്തി
മന്നവാ! നീ വാഴകയോ? (വാഴ്ക…

3. വാടിതോറുമാവണ്ടു മുരളുകയായ്
എങ്ങും തിരിയുകയായ്
മധുവുറി പുതുപൂക്കളെങ്ങും വിടന്നു
പുതുമണം ചൊരിയുകയായ്… (വാഴ്ക…

4. തിരുനാളിലീയെൻെറ മനോവീണയിൽ
എൻെറ മനോവീണയിൽ
തവഗാനമുരുവിടാനെന്നും മഹിതേ നീ
വരമാരിതൂകേണമേ! (വാഴ്ക…

## 26

[ജരുസാമനതോ ആമേ ചാ ഛലിയേ… എ. മ.]

ഓ! സ്നേഹരാജാവേ! നീ വാഴ്ക! നീണാൾ
സകല ചരാചര രാജനായി,
എന്നും, മായാത്ത മണി-ദീപമായ്
മന്നിലെന്നും മുഴങ്ങുമാഗാനമായ് (ഓ!...

1. പക്ഷികൾപോലും-കളകൂജനങ്ങൾ
കൗതുകമോടെ-പാടിടട്ടെ!
മല്ലികതോറും-പൂവുകൾ ചൂടി,
മന്നവാ! മന്നിൻ-വാഴ്ക! നീണാൾ
ജീവജാലങ്ങൾ ഇങ്ങിനെ വാഴ്ത്തുവാൻ
നിതരാം നിൻവരമാരി തൂകണേ!
എന്നും, സംപൂജ്യം നിൻെറ ആപാഥയിൽ
വന്നു വാണിട്ടുവാൻ-കൃപയേകണേ! (ഓ...

2 തുമ്പകൾതോറുമാ-തംബുരുമീട്ടിയും
തുമ്പികളങ്ങതാ-പാറിടട്ടെ!
ചെമ്പനീർച്ചെടിയിൽ-പുതുമൊട്ടതെല്ലാം
പുഞ്ചിരി തഞ്ചട്ടെ!-രാജനായി.
ജീവജാലങ്ങൾ ഇങ്ങനെ വാഴ്ത്തുവാൻ
നിതരാം നിൻവരമാരി തൂകണേ!
എന്നും, സംപൂജ്യം നിൻെറ-ആപാഥയിൽ
വന്നു വാണിട്ടുവാൻ-കൃപയേകണേ! (ഓ...

## 27

ശാന്തമൂകനായ് ശിഷ്യഗണത്തിൻസ്സവിധത്തിൽ
താന്ത, നിരാലംബനായണയുന്നിതാ ക്രിസ്തു.
അജ്ഞാനാന്ധകാരത്തിൽപെട്ടിട്ടുന്നവർക്കൊപ്പം
പ്രജ്ഞവിട്ടുറങ്ങുന്നു ശിഷ്യരെൻ പ്രിയ ജനം!
അകലെ വെറുംമണ്ണിൽശ്ശയിച്ചു സന്നിദ്രയെ
മുകരും പ്രിയതോഴനിരയെ ചൂണ്ടിച്ചൊല്ലി.
കുങ്കുമാഭയാലുഷസ്സന്ധ്യയിൽ ഹിമത്തിനൊ-
ത്തങ്കിതമാകും ഹിമഗിരിതൻ രൂപംപൂണ്ടു.
മന്നിനു പ്രഭാപൂരം ചൊരിയും പകലീശ-
സന്നിധേ പതിതർതൻ മോഹധ്വജസ്തംഭം.
കദനച്ചൂടാൽ മുഖകമലം വാടിത്തിരു-
രുധിരം വിയർത്തിട്ടും ഗാത്രവും ഹൃത്തിനൊപ്പം.
അകലെ വെറും മണ്ണിൽച്ചെരിഞ്ഞു സന്നിദ്രയെ
മുകരും പ്രിയശിഷ്യ നിരയെച്ചൂണ്ടിച്ചൊന്നു:
"ഉന്നിദ്രമെന്നോടൊത്തു താതൻെറ തിരുപ്പാദ
സന്നധി'പ്പരീക്ഷ'യെയകറ്റാൻ പ്രാത്ഥിക്കുമോ?"
ഭൗതികസൗഖ്യത്തിൻെറ സ്പർശനസുഖത്തിനാൽ
സ്വാമിതൻവചസ്സുകൾ ശ്രദ്ധിച്ചതില്ലാശിഷ്യർ.
ഏറിയനാളായ് തൻെറ തിരുവായ്മൊഴികളിൽ
കൂറെഴും സ്വന്തതോഴഗണത്തിനാലസ്യത്തിൽ
കുണ്ഠിതമിരട്ടിച്ചു; വ്യഥതൻ നീററൽ തിരു-
കണ്ഠത്തെ വിറപ്പിച്ചു മൊഴികളിടറിപ്പോയ്.
പുഷ്ക്കലപ്രഭം ദീനക്കാരയെ കാരുണ്യത്തിൻ
പൊൽക്കിരണത്താൽ വാരി വിതറും തിരുമൊഴി

കണ്ണീരിൻ പ്രളയത്താൽ നിറഞ്ഞുതുളുമ്പിപ്പോയ്
വിണ്ണിന്നുമധിനാഥൻ മണ്ണിലുന്മുഖം വീണു.
എന്നാളുമുറങ്ങിയ ഈമണ്ണിൻ മഞ്ജിമയിങ്ക-
ലെന്നാലിന്നുണരുന്നുണ്ടാലസ്യം വിട്ടെൻനാഥാ,
കരയാതിരിക്ക നീ, ഞങ്ങൾ തന്നനാസ്ഥയെ
പിരിഞ്ഞിന്നിരുളോട്ട പൊരുതാനിറങ്ങുന്നു.
തിന്മയെ തതീണ്ടാതെയും–നന്മയെ വിടാതെയും,
ഉണ്മയിൽനിന്നിൽക്കൂടി വിജയം ഞങ്ങൾക്കേകു.

## 28

["കല്ല്യാണപ്പരിശ്"ലെ "ഉന്നെക്കണ്ടു" നാൻവാട" എ. മ.]

സ്നേഹത്തിൻ ബലിയാണ്
കാരുണ്യക്കടലാണ്
നാം മദ്ധ്യേ വാഴുന്ന ദിവ്യാത്മജൻ
പാരിന്നുപ്രഭയായ്–ദൈവത്തിൻസുതനാം
രാജാധി രാജനഹോ............(സ്നേഹ......

1 സന്നിധേ അണയ്‌വോനിൻ സ്നേഹാർദ്രനായ്
ദാനങ്ങളേകുന്ന കരുണാബ്ധീ
ജീവിത ക്ലേശത്തിൽ തുണച്ചിട്ടും താതൻ
ജീവൻ ബലിയായ് നല്കീട്ടും നാഥൻ
പാക്കുന്നു നിജമായ്–സന്തതി സവിധേ
തേടുന്നു സ്നേഹമഹോ......(സ്നേഹ...

2 പാലകനാണ് സദാ ശാന്തനാണ്
പാരിതിലെന്നെന്നും താനെന്നാൽ

വാനത്തിൽ പ്രഭയോടെ വിധിയാളനാകും
ജഗത്തിൽ നീതിപാലനം ചെയ്യാൻ
തൻപ്രിയ സുതരെ-കാത്തണച്ചിടുവാൻ
വെമ്പുന്ന ജ്യോതിസ്സഹോ......... (സ്നേഹ......

3 മർത്ത്യന്നു വരമേക നിൻപാദേ അണയ്‌വാൻ
പാരിതിലൊളിവീശും ജേതാവേ
പാപിയിൽ കൃപയോടെ കനിയു ദയാലോ
സുതരിൽ വെളിവായ് തെളിയേണമെന്നും
നിൻ ദിവ്യഹൃദയം ആശതൻ നിലയം
ആനന്ദമധു നിലയം......(സ്നേഹ......

## 29

(എൻജീവിതാശാ താരകമേ എ. രീ.)

മർത്യകുലാശാ താരകമെ നീയണഞ്ഞുപോയ്
പാപികൾ തീർത്തവൻകുരിശിൽ ഹാ
മറഞ്ഞുപോയ് (മർത്യ)
കാൽവരി മാമല തന്നിലെ ത്യാഗവേദിയിൽ
സ്നേഹത്തിൻ കാന്തി തൂകിയഹോ നീ
മറഞ്ഞുപോയ് (മർത്യ)
വാനത്തിൽ മങ്ങിടുന്നു സൂര്യൻ ശോക സാന്ദ്രമായ്
പ്രപഞ്ചമാകെ കൂരിരുളിൽ ആണ്ടടിഞ്ഞുപോയ്
(മർത്യ)
ഹൃദയം പൊട്ടിച്ചീറിടുന്നു പാറപോലുമേ
മാനുഷരീശനോടുചെയ്ത ദ്രോഹം കാൺകവേ
(മർത്യ)

ആത്തരിലാർദ്രനായ ദേവൻ ഹാ മറഞ്ഞുപോയ്
ചോരചൊരിഞ്ഞു തീൎന്നദേഹം ഹാ
തണുത്തുപോയ് (മർത്യ)

ലോകേശ സൂനോയീവിധം മേ സ്നേഹരാജനായ്
മന്നിടെ ജാതനായിട്ടവാൻ നീ കനിഞ്ഞുവോ
(മർത്യ)

കാരുണ്യരാശെ ലോകനാഥാ നീ ക്ഷമിക്കണേ
പാതകം ചെയ്തുപോയിനിമേൽ ചെയ്കയില്ല ഞാൻ
(മർത്യ)

## 30

[ഹെ സിന്ധകി ഉസീകിഹെ എ. രീ. ഹിന്ദി]

ഹാ ചിന്തിട്ടുന്നഹോ നിണം
പ്രാണവേദനയോടെ
ക്രൂശിലേശു നായകൻ (ഹാ ചിന്തി.....)

1. കാണ്മതേ ദിവ്യനാം ദൈവസ്നേഹജാതനെ
മോക്ഷഭാഗ്യമേകിട്ടും
മാനവാത്മ നാഥനെ
ക്രൂരമായ് വധിച്ചതാം
നീച മർത്യ ലോകമേ (ഹാ ചിന്തി....)

2. മട്ടപ്പെഴാതെ നാം ചെയ്ത ഘോരപാതകങ്ങളാൽ
സ്നേഹരാജനേശുവെ
ആണി ചേത്തഹോ ക്രൂശിൽ
ക്രൂരമായ് വധിച്ചതാം
നീച മർത്യ ലോകമെ (ഹാ ചിന്തി.....)

## 31

(ബച്പൻകി മൊഹോബത്ത്. എ. രി. ഹിന്ദി)

അമല മനോഹരനാം സ്നേഹാർദ്ര ദയാനിധിയേ
തവപാദസരോജം മേ ഗതിയേകുക നീ ചെമ്മേ

(അമല....

ചുടുചോരയൊഴുക്കിയതാ
കൈകാൽകൾ വലഞ്ഞയ്യോ—യേശുവേ
പുരുപാപികൾ ഞങ്ങൾക്കായ്
മരക്രൂശതിലേറിയഹോ
അപമാനിതനായ്ത്തീന്ന
കരുണാകരനീശോയേ (അമല....
വെറുമാശകൾ തിങ്ങുകയാൽ
കൊട്ടം പാതകിയായ്ത്തീന്നേൻ—യേശുവേ
മഹനീയ തമം ജന്മം
പാഴ്ക്കുണ്ടിലെറിഞ്ഞയ്യോ
ഗതിയില്ലിനിയേറിട്ടവാൻ
തവ പാണികളേകാസ്സിൽ (അമല.....

## 32

(ലേജാമെരി ദ്ദ ആയെ. ഏ. രി. ഹിന്ദി)

രാജാവെ, വാഴ്ക നീണാൾ—ഈശോ
രാജാവെ, വാഴ്ക നീണാൾ (2)

സിംഹാസനം തരാം ഞാൻ
സുകൃതോപഹാരമേകാം—ഹൃദയത്തി
ലാണിതെല്ലാം

രാജാവെ! വാഴ്ക നീണാൾ (രാജാ...

പാഹിമഹേശജാതാ! ദേഹി ദയാനികേതാ

പരലോക ഭാഗ്യമെങ്ങും അങ്ങിൽ നിറഞ്ഞി
ട്ടമ്പോൾ

എൻപാണികോരകം ഞാൻ നിൻപാദ
കാഴ്ചയാക്കാം

രാജാവെ വാഴ്ക നീണാൾ............

ചെങ്കോലുയിത്തുകെന്നെ –വിണ്ണോട്ടയത്തുവാനായ്

സമ്പൂർണ്ണനാക്കുകെന്നെ നിൻ ഗേഹമേററിടാനായ്

സങ്കീർത്തനങ്ങൾ പാടാം അങ്ങെ വണങ്ങിടാനായ്

രാജാവേ വാഴ്ക നീണാൾ (രാജാ.........

—∞∞—

## 33

(മേരി കഹാനി. എ. രി. ഹിന്ദി)

യേശുമഹേശാ! ദീനദയാളാ!

സ്നേഹാമൃതം നീ തൂകുക–യേശുമഹേശാ

കാത്തരുളേണം കൈവിട്ടിടാതെ

കരുണാസമേതം നായകാ

യേശുമഹേശാ

അറിവേതുമെഴാ തടിയാരഖിലം

മുറിവേകിയഹൊ നിൻ മേനിയിൽ–

നിൻമേനിയിൽ

എത്ര ഭീകര മാണെൻ പാപഗണം

എത്ര ഭീകര മാണയ്യോ.

ക്രൂശേററിയതും തവ ഞാൻ വിഭോ (2)

മാനുഷസ്നേഹ ദാഹമതാലെ
മാഴ്കീടിന മഹിമാം ബുധേ! യേശുമഹേശാ
നിൻ സ്വർഗ്ഗസുധയോലും മുഖമലരിൽ
ഞാൻ തുപ്പിനിറച്ചെൻ നീചതയാൽ

ഹാ! മാമക രാജാവെ!
ഹാ! മാമക രാജാ നീയിതുപോൽ
മുടി ചൂടിയതെന്തേ മുള്ളുകളാൽ
ഹീനമതാമെൻ പാപഗണങ്ങൾ

ആണല്ലൊ നാഥാ കാരണം–യേശുമഹേശാ!
(യേശുമഹേ........

## 34

[ഹിന്ദി ആയാശാതടപ്തേ. എ. ടി.]

സ്നേഹാമൃതമതിനുറവാകിയനിൻ
പദതാർവണങ്ങാം നാഥാ ഞാൻ (2)
ദാഹാൽവലയും തവദാസനിൽ നിൻ
ഹൃദയാബ്ജരാഗം തൂകുനീ (2)
ഓ! കാന്തിചിന്തിന നിന്മേനിയെ
ഹാ! ചീന്തിയതും മമപാപമേ—പാപമേ!
കേഴേണ്ടവരാണിവരായതിനാൽ
പാദതാർവണങ്ങാം നാഥാ ഞാൻ (2)
പരമാശിസ്സിൻ നിറകേദാരമെ! (2)
വരഭാസത്തു തിങ്ങും കൂടാരമെ! കൂടാരമെ!
നിൻ ആശ്രിതരിൽ കനിയേണമേ നീ
പദതാർവണങ്ങാം നാഥാ ഞാൻ (2)

മിശിഹായേ! നീതാനെൻ ദീപ്തിയും (2)
സുരഭാവുക ഭാഗ്യസമ്പ്രാപ്തിയും -സമ്പ്രാപ്തിയും
ഹാ! കന്യാസുതാ! കൃപ ചിന്തീട്ടമാ-
പ്പദതാർ വണങ്ങാം നാഥാ ഞാൻ (3)

—=—

## 35

[ഹിന്ദി "മഹ്ഫിൽമെ" എ. ടീ.]

അനുപമസ്നേഹലോലുപനാം മരിയാത്മജനീശോയെ!
പാവനമാം നിൻപാദമതാണെൻ ആശ്രയം ഈശോയെ!
കാൽവരിയേറി കാൽകരമാകെ ആണികളാൽമുറിവാ
ണ്ടോനെ
കാതരമാമെൻ ചേതസ്സിലാനിൻ പാലൊളി വീഴ്ത്തണമീ
ശോയെ
കാമിതമേകിവാഴക നീ കുരിശായുധനീശോയെ-പാവന..
താവകരക്തവീചികളാലീലോകമുയർന്നുവാനേറാൻ
ഭാവുകഭാഗ്യപൂരിതമായി താവകനാമം പാടീടാൻ
മേവുകയാണെ! നൽവരമേകാൻ പോരണമീശോയെ
-പാവന.... ....
കന്മഷഭാരം ചിമ്മിവലഞ്ഞു നിൻപദസൂനം പുൽകു
മ്പോൾ
നന്മകളാലെ നിൻമുദ്രഹാരം നിൻകഴൽ വാഴ്ത്തിനല്ലു
മ്പോൾ
ദുർബലരാമീമർത്ത്യരിൽ നീ കൃപയേകണമീശോയെ

## 36

(ഹിന്ദി "ഹമ്ഇത്സെമുഹബത്ത്" എ. രി.)

ദിവ്യകരുണാലയാ! കന്നിമരിയാസുതാ! കരമേകണമെ
സ്തുത്യപദതാരിണകുപ്പും അടിയരിൻ നിൻ–കരമേകണ
മെ, വരസാഗരമെ
അങ്ങെവാഴ്ത്തീട്ടവാനിത്ഥം വന്നോരിവർ
തവദാസനാൽ ദാനം ചേർന്നോരിവർ, സ്നാനം ചേർന്നോ
രിവർ
ജഗദീശാത്മജാ! ഗുരുനാഥാ! സദാകരമേകണമേ
കുത്തകുന്തം പിളർന്നോരു നിൻ ചങ്കതിൽ
സ്വന്തം അംഗുലിചേർത്തതാതനെപ്പോൽ–ദിവ്യതാതനെ
പ്പോൽ
ഞങ്ങൾ മൃത്യുവോളം അങ്ങെ പിൻചെന്നിടാൻ
കരമേക.........

ദിവ്യകരുണാലയാ............

## 37

(ഹിന്ദി "ബാബുലി"യിലെ "ഛോഡ്ബാബുൽക്ക" എ. മ.)

തേട്ട പാവങ്ങൾക്കായ് സ്നേഹദാഹാർത്തിയാൽ
തൂകും ശോണാമൃതം–ഓ! ദൈവദാനാമൃതം.
വാട്ടം മലർവാടി തഴകിട്ടം മഴപോലെയും (നല്ല)
വാടിവരളുന്ന നരരിൽ തൂമധുപോലെയും (തൂ)
തേടിയുഴലുന്ന പഥികർക്കങ്ങധ്വപോലെയും
തൂകും ശോണാമൃതം.........ഓ!......

കന്യാമണിയിൽനിന്നുരുശോഭമവതീൎണ്ണനായ്
(നന്നായ്)
മന്നിലുരുവായ കറയാകെകഴുകീട്ടവാൻ (ഭംഗ്യാ)
നിന്ദ്യഹതകന്മാർ ഹൃദയത്തിൽ മുറിവേകയാൽ.
തൂകും ശോണാമൃതം............
ദീനദയാലെ കരിശേന്തി മൃതനാകവെ (നാഥൻ)
ജീവ വരലീന സുധ പാരിലൊഴുകീടവെ
(പാരിൽ)
പ്രേമംപകരും തൻകരം ആണിപ്പഴുതാകവെ
തൂകും ശോണാമൃതം............ഓ......
"രക്തമിതു താനെൻ ചിരസ്നേഹപ്രതിരൂപമാം
(സ്വൎഗ്ഗ)
നിത്യമണയേണമിതിലൂടെ മമ സീമനി"
(നിങ്ങൾ)
ഏവം കരുണാൎദ്ര മൊഴിയേകും മരിയാസുതൻ
തൂകും ശോണാമൃതം............ഓ!...... (തേട്ട)

# 38

(മേലയിലെ "ആയിസാവന്ലുവായി" എ. മ.)

ആയി, ഉയിർപ്പുദിനമായി മനുജഗണമോദം
പരിധി വെടിഞ്ഞിട്ടും മഹിതദിനമായി—ഓ—
സമാധാനം പുലരും ദിനമായി (ആയി)
ഈശോനാഥൻ മൃതിയുടെ ഖേദം നിഖിലം
നീക്കുകയായി,

ഭീ സകലം പോക്കുകയായി.
ആശാകേതദ്വാരംപൂകാൻ ആശിസ്സേകുകയായി,
നിത്യാശിസ്സേകുകയായി_സമാധാനം പുലരും
ദിനമായി, (ആയി)
പ്രേമപയോധേ, നിൻ ധന്യാപദാനം-
ധന്യാപദാനം
ആമയം പോക്കീട്ടും നൂനം-ഓ-ആമയം പോക്കീട്ടും
നൂനം
വാഴ്ത്തി വിബുധ നരജനതയനൃനം
വാഴും വിജയദിനമായി_സമാധാനം പുലരും
ദിനമായി; (ആയി)
ഓ-പോവാം തൻതിരുചരണസമീപം
മേവാം ദാസരായി;
ഭുവനം സർവ്വം തൻകാരുണ്യം പുണരും
സദ്ദിനമായി,
സമാധാനം പുലരും ദിനമായി. (ആയി)

## 39

(ഹിന്ദി ചൽചൽറീ റൗജവാൻ എ. മ.)

പല്ലവി

ഉയിർത്തിതാപരൻ-ജയത്തോട്ടും രയത്തോട്ടും

അനുപല്ലവി

വിയത്തിൽ മംഗളം മുഴക്കിവാനവർ

ചരണം

അഖിലവിനകളും അകലുമാറിതാ
അമല ജനക സുതനുതുല്യ ദ്യുതികലൎന്നു താൻ (ഉ)
വാനലോകവും, മാനവൗഘവും
ആനന്ദോദയക്കോളിലാകവേ,
ഊനമററശാന്തിദൻ കൃപാവരപ്രദൻ (ഉ)

## 40

(ഹിന്ദി "ദുലാരി"യിലെ "ദോദിന്‌കീബഹാർ" എ. മ.)

ഉലകിതിനവികല വരഗണമരുളിന സുരമഹിപൻ
വാഴ്‌ക ക്രിസ്തുരാജനിളയിൽ വാഴ്‌കമേല്ക്കുമേൽ
വീഴ്‌ക നാരകവൈരിനിചയം വീഴ്‌കനീചമായ്
(ഉലകി...)
പരിപാവന ഭാവുകദായകനായ് പരിശോഭിത
സ്വൎഗ്ഗീയ നായകനായ്
പാരിനു ദീപവുമായി വരദൻ വാഴ്‌കമേല്ക്കുമേൽ
(ഉലകി...)
ചിരശാന്തിയതിൻ കൊടി പാറിട്ടവാൻ
വരകാന്തിയതിൽ ധരയാണിട്ടവാൻ
ഭ്രാന്തിയകന്നിട്ടവാൻ സകലവും സ്വാന്തമുണൎന്നി
ടാൻ (വാഴ......)
നാരകശക്തിയെ വെന്നിട്ടവാൻ,
ദുരയുദ്ധമതൊക്കെയകന്നിട്ടവാൻ
ക്ഷേമമണഞ്ഞിട്ടവാൻ കൃപാംബുധി (വാഴ്‌ക)
വാഴ്‌ക മേൽക്കുമേൽ,



# മാതൃഗീതികൾ

(വിശറിക്കു കാററു വേണ്ട എന്ന നാടകത്തിലെ
മാൻകിടാവെ മാൻകിടാവെ—എ.........മ)

നീ വരില്ലെ നീ വരില്ലെ
ഭാവുകപൂങ്കാവനമെ
നിറഞ്ഞു നില്ക്കുമീയിരുളിൻ ചുരുളിൽ
താവകദീപ്തി പൊഴിയില്ലെ (നീ വരില്ലെ....

നൽവരവാടിതൻ വസന്തവുമായി
പൊൻകലപോലെ നീ വരില്ലെ
പതിതർ കരളിൽ നൊമ്പരവുമായി
കാത്തിരിക്കുകയാമമലേ (നീ വരില്ലെ...

സംസ്തുതിഗീതികളാലെയിഭുവിൽ
കാത്തിരിക്കുകയാം ഞങ്ങൾ
താവകപൊൻവര ദീപ്തികളെന്നും
പകന്നുതരുമോ കരളുകളിൽ
ഉഷസ്സണയുമീ ഭുവിതിലമലേ
മനോജ്ഞേ മഹിതേ നീ വരില്ലെ. (നീ വരില്ലെ...

## 2

(ജരസാമ്നത്തോആവോ ചലിയേ·········എ. മ.)

സുരലോകേശനേശ്രുദേവന്നംബികേ!
നരകന്മഷവിനാശിനി ദയാംബുധേ!
നവഗാനങ്ങൾ പാടി വാനവർ
നിത്യം വാഴ്ത്തി വണങ്ങും കന്യകേ!...സുരലോകേശ..

(1) മഞ്ഞും കുളിരും മഞ്ജിമത്തുന്നിയ
മഞ്ജുളമാം മലർ വനികയതിൽ
മധുരിമയേറും തെന്നലിലാട്ടും
മട്ടമലർവാഴ്ത്തും തവനാമം,
തവഗാനങ്ങൾ തൂവും, തരുക്കളും,
നല്ല വല്ലകിമീട്ടും പൂഞ്ചോലയും...നവഗാനങ്ങൾ..

(2) നീലനീരാള പട്ടപുതച്ചൊരു
നീലാംബരത്തിൽ നെറുകയതിൽ,
പനിമതിതൂകും പൂവ്വനിലാവിൽ
തളിരിളകും മാഞ്ചില്ലകളിൽ,
ആ രാക്കിളി പാട്ടും നിൻഗീതികൾ,
ദിവ്യ ദീപംതെളിക്കും നിൻകീത്തികൾ...നവ...

(3) നശ്വരജീവിത മരന്ദമുണ്ണാൻ
മതിയിൽ വിഭ്രമ മത്തനുമായ്
പാപത്തിൻ പാശ ബന്ധിതനായി
മേവുന്ന ഞാനീയൂഴിയതിൽ
അനുതാപ മിഴിനീർ ചൊരിയുവാൻ
നിൻ കാരുണ്യധാര പൊഴിയണേ...നവഗാന...

(4) ഭുവനൈകനാഥേ! പരലോക റാണീ!
നരലോകം വാഴ്ത്തും നായകിയേ!

അർണ്ണവതാരേ! കരുണതന്നുറവേ!
ഭാവുകദായകി ദേവാത്മജേ!
നിൻ പൊന്നൊളി തൂകിത്തനയരേ!
തവ നന്ദന സന്നിധിയിൽ ചേർക്കണേ...നവഗാന...

## 3

(പാതിരാവേ പോകരുതേ.........)

മേരിനാഥേ—എൻജനനീ
സ്നേഹതായേ—പാലികയേ
വന്ദനങ്ങൾ ഏകിടാം...........
പാണികൂപ്പാമെൻ തായേ......... പാതി...

1. പുഞ്ചിരിതൂകുമെൻ തായെ
പൂജയണക്കാമെൻ ജനനി—2
നൽകിടട്ടെയെൻ ഹൃദയം
സ്നേഹറാണി അംബികയേ......പാതി...

2. മംഗളഗീതം പാടിടാം
മഞ്ജുളമോഹന കന്യകയേ—2
ചാർത്തിടട്ടെ പൂമാല......
ശ്രേഷ്ഠനാഥൻറംബികയേ...പാതി...

3. വിണ്ണിൽ വാഴും എൻനിധിയേ
മന്നിന്നാശാവല്ലരിയേ—
പ്രേമഹാരം നൽകിടാം...
സ്നേഹറാണി അംബികയേ...പാതി...

## 4

("രാജാവെ വാഴ്ക നീണാൾ"……… പോലെ)

പാഹിമാം മേരിതായേ റാണി
പാഹിമാം മേരിതായേ–പാഹിമാം മേരിതായേ
പാരിന്നഭയദീപം വാനവറാണിയാംബേ
മാനവനായകിയേ (പാഹിമാം ,..

ലോകൈക പാലകിയേ! ദാനപ്രദായകിയേ
പുരുപുണ്യപൂരിതയേ ആതങ്കനാശിനിയേ
നാകത്തിൻതേജസ്വിയേ ഭാസുരതാരകമേ
പാഹിമാം മേരിതായേ– (പാഹിമാം……

താവകദീപ്തിയാലെൻ പാപത്തിലുംകരേറാൻ
അഴലില്ലലയുമേഴർ കേഴുന്നു നിൻസവിധേ
പാവനമാതെ നിന്നിൽ ചേക്കുന്നു ഹൃത്തടങ്ങൾ
പാഹിമാം മേരിതായേ (പാഹിമാം;..

## 5

("പച്ചവിരിച്ച പാടത്തിന്റെ………" പോലെ)

പൊട്ടിവിരിഞ്ഞ ഹൃദയവുമൊപ്പം
ഞെട്ടിവിടന്ന പൂക്കളുമേ–
കെട്ടിച്ചേർത്തൊരു മാലകൊരുത്തെൻ–
കന്യാംബേ ഞാൻ കാഴ്ചതരാം… കന്യാംബേ…

1) അമ്മതൻപള്ളിത്തേരാമോദം നീങ്ങുന്നു,
കുഞ്ഞരിപ്പൂവുകളാലോലമാട്ടുന്നു,

കുഞ്ഞാററക്കിളി പാട്ടുന്നു, കുഞ്ഞിക്കാററുമാട്ടുന്നു,
കുളിരലപകരും സ്നേഹത്തിൻനറുതേനിൽ-
മുങ്ങുന്നെൻ ഹൃദയം. (പൊട്ടി...

2) അമ്മിഞ്ഞപ്പാലൊളിപ്പുഞ്ചിരിതൂകുമാ-
പൊന്നോമൽക്കുട്ടനെ എൻകയ്യിലേകുമോ?
വാരിക്കോരിപ്പുൽകാനാ, വാരൊളിചിന്നും-
പൂമേനി,
മുത്തംനൽകി, മുററുമസ്നേഹത്തേനൊലിയടിയനമു-
ണ്ണുനായ്. (പൊട്ടി...

3) വാരൊളിച്ചന്ദ്രനോ തേർതെളിച്ചീടുന്നു!
കാലത്തെ നക്ഷത്രം കാല്ക്കൽ നില്ക്കുന്നു!
നാകോം ലോകാം നിർമ്മിച്ച പൊന്നോമൽക്കു-
ഞ്ഞോകയ്യിൽ
നാകത്തിൻവരഗായകരെമാം മോദത്താൽസ്തുതി-
പാട്ടുന്നു (പൊട്ടി...

4) പാപത്തിൻ പേമാരി ഘോരമായ് പെയ്യുന്നു,
പേടിയാകുന്നെനിക്കതാനേ നടക്കുവാൻ
പാതതെളിക്കാനാരുല്ല, പാദം തട്ടിമറിഞ്ഞേക്കാം,
പാവം ഞാനും നിന്നുടെ കാപ്പക്കീഴിൻ കേറിയൊ
ളിക്കട്ടെ (പൊട്ടി...

## 6

[മഞ്ജരി]

സ്വർഗ്ഗീയറാണിയാം നാരീകുലോത്തമേ!
ഉല്ലസിച്ചാലും നീ അല്ലേലൂയ;

നിന്നുദരത്തിൽ വന്നാകാരം പൂണ്ടിതാ,
മന്നിതിൽ സൗഭാഗ്യമല്ലേലൂയ.
തൻവാക്കു സത്യമാക്കീട്ടവാൻ രക്ഷകൻ
ഉത്ഥാനവും ചെയ്താനല്ലേലൂയ,
നിർഭാഗ്യപാപികൾ നിൻമക്കൾ ഞങ്ങൾക്കായ്
പ്രാർത്ഥിച്ചിടേണമേ അല്ലേലൂയ.
കന്മഷഹീനയാം കന്യക രാജ്ഞിയേ!
സന്തുഷ്ടയായ് വാഴ്ക അല്ലേലൂയ.
കർത്താവു സത്യമായുത്ഥാനം ചെയ്തല്ലോ
കന്യകമാർമണേ! അല്ലേലൂയ.
സർവ്വേശാ കർത്താവേ! താവകസൂനുവാ–
മുർവ്വിതൻ രക്ഷകനേശുദേവൻ
ഉത്ഥാനം മൂലം വിശുദ്ധമാക്കീട്ടവാ–
നിദ്ധരതന്നിൽ ജനിച്ചു ധന്യൻ.
മാമരിയംബികേ നിൻ പുത്രനേശുവിൻ
ചാരു സങ്കേതത്തിലെത്തിട്ടവാൻ
ഭൂലോകനാഥേ! നിൻ കാരുണ്യക്കൺമിഴി
പാരിതിലെന്നെന്നുമേകിടേണേ.

## 7

('സാരീസാരീരാത് തേരി'...''അജീബസ് ശുക്രീയാ'')

കരിമുകിൽ മാഞ്ഞനേരം മാനംതെളിഞ്ഞു
കരയുന്ന പാപികളും ആനന്ദലീനരായ്...
പുഞ്ചിരിതൂകി...(കരി...)

1) വെൺമേഘശകലങ്ങളാകാശമാകെ
പാറിനടന്നു ആമോദമോടെ

പരിശുദ്ധ ജനനിയാവാനിന്റെ മാറിലായ്
ആഗതയായി...(കരി...)

2) സന്തോഷസാഗരത്തിൽ ആറാടിനിന്നു
പാപികളെല്ലാം മാൻ പേടപോലെ
നൽവരദാനംപെയ്യാ ജനനിമറഞ്ഞുപോയ്
ജനനിമറഞ്ഞു...(കരി...)

3) കളിയോടം തുഴയുന്ന മാനവരാകെ
പാപം വെടിഞ്ഞു എന്നേയ്ക്കുമായി
മാലാഖ മാരെപ്പോലെ പൂതഹൃദന്തരായ്–
ത്തീരുന്നതെന്നോ? (കരി...)

## 8

('ഉമ്മ'യിലെ "കഥപറയാമെൻ കഥപറയാം..." എ. മ.)

പദമലരിൽ നിൻ പദമലരിൽ
കൂപ്പുന്നു തായേ! പദമലരിൽ
(പദമലരിൽ...

1 ചന്ദ്രക്കല നിൻ പാദത്തിലമരും
ചിരിതൂകി, വരമഴവില്ലേ!
മഹിമതൻ തൂമലർമുടി ചൂടി
മാനത്തു പൂത്ത പുതുമുല്ലേ
(പദമലരിൽ...

2 പാരിന്നു ജന്മക്കറതീണ്ടാത്തൊരു
നിർമ്മലയവതാരമണിഞ്ഞു

ചൊരിഞ്ഞു നന്മകൾ നരർക്കു പാരിൽ
പാപമതിന്നിരുളലനീങ്ങാൻ
(പദമലരിൽ...

3 പാപികൾക്കു നീയരുളണം തായേ
പാഴിരുൾ തന്നിലും തുണനീയേ!
തൂവുക, തൂവുക വിണ്ണിന്നംബേ,
നൽവരമെന്നും എന്നംബേ!
(പദമലരിൽ...

## 9

(മണ്ണിൽ..........ഈ നല്ലമണ്ണിൽ........എ. മ.)

റാണീ.........മേയ്മാസറാണി
പുണ്യപ്രസൂനമേ നീ
പൂജ്യയാം തായയേ നീ
നൽകുക നൽവരങ്ങൾ
നൽകുക നൽവരങ്ങൾ (റാണീ......
ആ...ആ...ആ...

പൂമാലചാർത്തിടാം ഞങ്ങളെന്നും
പാടിപ്പുകഴ്ത്തിടാം നിന്നെ മോദാൽ
പാരിൻെറ നിർമ്മല സൂനമേ നീ
ഭാവുകമേവുക ഞങ്ങളിൽ നീ (റാണി...
ആ...ആ...ആ...

പാപത്തിൻ ക്ലൂരിരുൾ സാഗരത്തിൽ
പാരംവലയുന്ന മേരിനാഥെ
നിൻമക്കൾ ഞങ്ങൾക്കൊരാശ്രയം നീ
നിർമ്മലസൂനമാം മേരിനാഥെ. റാണി...
ആ... ആ... ആ...

## 10

[പൊൻകതിരിലെ "കളിയാട്ടം പൂവേ"......എ. മ.]

പരലോകേ മേവും
മമതായ് മരിയേ
തവ തനയരിൽ
സാദരം നീയേക വരം (പര......

ഓ......തവഭക്തരിൽ ക്ലൂറുള്ള പൊന്മരിയെ
ഏകണേ നീ ദാനം നീ...ളെ
അണയുന്നു സവിധേ നിൻ പാദം വണങ്ങി
(പര......

ഓ......അമലാംബികെ, പാപികൾതൻ പാലകനെ
നൽമോദാൽ ഹാ പാലിച്ചു നീ......
കനിയൂ നീ പാദേ–അണഞ്ഞിടുവോരിൽ (പര...

വാനവരെങ്ങും തവസ്തുതി പാടി
ആനന്ദസാമ്രാജ്യത്തിൽ
ശോഭിക്കും മൽ നാഥെ, റാണി (പര......

## 11

[മണ്ണിൽ......ഈ നല്ലമണ്ണിൽ......പോലെ]

അമ്മേ......കാരുണ്യമാതേ
സ്നേഹത്തിൻ സാഗരമേ...
പാപികൾക്കാശ്രയം നീ...
മേരി മനോഹരിയേ......
മേരി മനോഹരിയേ.

ആ......ആ......

കാർമുകിലെങ്ങും മറഞ്ഞുവല്ലോ
തൈത്തെന്നാലോടിക്കളിക്കുന്നല്ലോ
ബാലാർക്കബിംബമുദിച്ചുവല്ലോ
മഞ്ഞിൻകണങ്ങൾ തിളങ്ങുന്നല്ലോ (അമ്മേ......

കേകികൾ വാഴ്ത്തി സ്തുതിക്കുന്നല്ലോ
മോഹനസുന്ദരഗീതകങ്ങൾ
മാതെ നിൻ ഗാനങ്ങൾ പാരിലെങ്ങും
നിൻസുതർ പാടിയുണരുന്നല്ലോ (അമ്മേ......

വാടിയിൽ പൂക്കൾ വിരിഞ്ഞുവല്ലോ
പാരിൽ പരിമളം പൂശുന്നല്ലോ
നിൻ സുതർ ഓടിയണഞ്ഞുവല്ലോ
തേന്മലരാൽ പുതുമാല്യമേന്തി (അമ്മേ......

## 12

(ഹെ അപനാദിൽ.........എ. മ.)

ഹാ കന്യകാംബെ നാകറാണി
ഈ പാപികളിൽ നീ കനിയ
നൽമലർമാല്യമേന്തി,
നിൻസ്തുതിഗാനം പാടി
നിൻപാദങ്ങൾ തേടി
അലയുന്നിതാ
നരലോകത്തിൻ പാലകിയേ
ഈ പാപികളിൽ നീ കനിയ (ഹാ.........

മാനത്തിന്ദുവെ വെല്ലും
മധുമലരിൻ റാണി
പൊൻപ്രഭ പാരിൽ വീശി
പാത്തരുളീടുകെന്നും
മന്നിന്നമ്മേ സ്നേഹറാണി
ഈ പാപികളിൽ നീ കനിയ (ഹാ.........

## 13

(അമൃതേ പൊഴിയും നിലവേ......എന്ന രീതി)

അഴകിൻ താരകേ മരിയേ—നിൻ
അരികിൽ വരുന്നു ദാസർ
അരികിൽ വരുന്നു ദാസർ (അഴകിൻ...

മഹിയിൽ വാഴുമീ ഏഴകൾ ഞങ്ങൾ
താവക ഗീതികൾ പാടാൻ... ആ
അരുളുക വാനിൽ താരകമെ നീ (2)
പാവന ജാതെ, മോഹനറാണി. (അഴകിൻ...

അലിവിൻ കൈകൾ നീട്ടിയ നിന്നെ
സ്തുതിപ്പൂ ഞാനിതാ മോദാൽ...... ആ
നിരയായ് ദിനവും വരുമീ സുതരിൽ
നൽവരം ചൊരിയൂ മോഹനറാണി. (അഴകിൻ...

## 14

(പറന്നു പറന്നു പറന്നുചെല്ലാൻ പററാത്ത കാട്ടുകളിൽ......പോലെ)

വരുന്നു വരുന്നു വരുന്നു ഞങ്ങൾ നൻവരദായകിയേ
ആശ്രയം തേടി നിന്നിൽ നാഥയാം മേരി
ഓ...നാഥയാം മേരി! ഓ...നാഥയാം മേരി!
മാരിവില്ലിൻ ശോഭയോലും കോമളാംഗിയാം
മരിയേ
പാപികൾക്കായേകിടുക ദാനമെന്നുമേ.
വരുന്നു വരുന്നു...
മാനസത്തിൽ മാൽവളൎന്നു മാഴ്കിടുന്നു
ലോകമിപ്പോൾ
നീ പൊഴിക്കൂ പൊൻപ്രഭയീ ദാസരിൽ നിത്യം.
വരുന്നു വരുന്നു...
കൂരിരുളിൽ മേവിടുന്ന നിൻസുതരിൽ മോദമേകാൻ
ദീപ്തിയേകിയെന്നുമെന്നും കാത്തിടേണമേ.
വരുന്നു വരുന്നു...
നാകറാണി! ലോകനാഥെ, നിൻസവിധേ
ചേൎന്നീടുവാൻ
നൽവരം നീ നൽകിടുക നിൻസുതന്മാൎക്കായ്.
വരുന്നു വരുന്നു...

## 15

[വരുമോ മാരിവില്ലേ...... എ. മ.]

വരുമേ പുണ്യറാണീ!
തരുമോ പൊൻ വരങ്ങൾ
അമലേ നിൻകൃപയാൽ......
നിറയും ജീവിതത്തിൽ......വരുമോ
കനിവിൽ തൃക്കരങ്ങൾ
ഇനിയും നീട്ടുകില്ലേ!
അഴലും നീക്കിയെന്നേ......
അഴലും നീക്കിയെന്നേ
പരിപാലിക്കനാഥേ......വരുമോ......
പാട്ടുന്നു......ഞങ്ങൾ .....
നിൻ സ്തുതി ഗീതങ്ങൾ......
ആമോദ ചിത്തരായ്.. ... നാഥേ......
നിർമ്മലനേശുവിൻെറ
പുണ്യജനനി മേരി-
കന്മഷ മേശിടാത്ത......
നിർമ്മല നാഥയല്ലോ......
പുണ്യത്തിൻ നൽവഴിയിൽ......ഹാ......
പുണ്യത്തിൻ നൽവഴിയിൽ
എന്നെ നീ കാത്തീടണേ!
കാരുണ്യ വാരിധിയാം
മോഹന റാണിയല്ലോ!...... വരുമോ)

## 16

("സമ്മ്വേക്കല്ലി"ലെ "ഈ മണ്ണിൽ വീണ നിൻെറ" എ. മ.)

മാതാവെ, നാരിമൌലേ, മാലിന്യഹീനെ, വാഴ്കനീ
മഹിയിതിൽ മഹിതതാരമേ
മഹിമതൻ മകുടസ്ഥാനമേ! (മാതാവെ......

പാരിതിൻ പ്രകാശമേ
പാവന പ്രസൂനമേ
പാപിതൻ മോദമേ
വിമല ഹൃദയദീപമേ
അതുല ദാനഗേഹമേ
ഭാവുകപ്രമോദമേ, നീ വാഴ്ക! (മാതാവെ...

ഓ......വാനിൻ പ്രഭാസാരമേ
ഓ......വാനവർക്കാമോദമേ

കന്യകാറാണീ മനോജ്ഞെ, നീ
കരൾ കുളിർക്കുമാഭ തൂകി മന്നിൽ
കുതുകഹൃദയവീണയാൽ
പുകളുയർത്തുമീ സുതർ
ഭാവുകപ്രമോദമേ, നീ വാഴ്ക! (മാതാവെ......

ഓ......സ്വർഗ്ഗീയ സന്ദേശമേ
ഓ......പാപിതൻ സങ്കേതമേ

സന്മാർഗ്ഗദീപം നീ, ഭുവിൽ
മനോജ്ഞതാരമേ പുകഴ്ത്തിടുന്നേൻ
അഖില സ്നേഹസാരമേ
സകല ഭാഗ്യതാരമേ
ഭാവുകപ്രമോദമേ, നീ വാഴ്ക! (മാതാവെ...

## 17

[ "മധുമതി"യിലെ "സുഹാനാസഫർ......" എ. മ. ]

മനോജ്ഞെ! മുദാനൽവരം നൻകിനീ
മഹീ പാലകീ! കാത്തരുൾ നായകി!
(മനോജ്ഞെ...

സ്വർഗ്ഗീയ സംഗീത സന്ദേശ സാരമേ
സംപൂജ്യ സ്നേഹത്തിൻ സാരാംശ രൂപമേ
മമ ജനനി വരമഴ നീ ചൊരിയൂ; മാതേ, ഭുവി.
(മനോജ്ഞെ...

കാരുണ്യ കേദാര കൈവല്യ ദായികേ,
കാലുഷ്യ മേല്ക്കാത്ത നൈർമ്മല്യ കന്യകേ,
മമ ജനനി വരമഴ നീ ചൊരിയൂ; മാതേ, ഭുവി.
(മനോജ്ഞെ...

പൊൻതിങ്കൾ പാദത്തിൽ ചാർത്തുന്ന നിർമ്മലേ,
വിൺതങ്കക്കാന്തി പൊഴിക്കുന്ന തുന്ദിലേ!
മമ ജനനി വരമഴ നീ ചൊരിയൂ മാതേ, ഭുവി.
(മനോജ്ഞെ....

## 18

[നാടോടികൾ—"മുവാണ്ടൻ മാവിലെ......" എ. മ.]

കാരുണ്യം തിങ്ങുന്ന കൈവല്യദായകീ!
കാലുഷ്യം പോക്കുകെൻ കന്നിയമ്മേ!
പാപത്തിൻ വൻകടൽ താണ്ടിയ ധന്യേ!
പാപമലിനത നീക്കു മന്നിൽ (കാരുണ്യം.......

സ്നേഹത്തിൻ സുന്ദരഗീതങ്ങൾ പാടുന്ന
വാനത്തിൻ പൈങ്കിളി നീയല്ലോ
പാവനദീപമായ് കൂരിരുൾമാർഗ്ഗത്തിൽ
മിന്നി വിടന്നു തെളിഞ്ഞല്ലോ. (കാരുണ്യം......

ക്ലേശിക്കും പാവങ്ങൾക്കാശ്വാസകേന്ദ്രമായ്
ആശ്രിതർക്കാനന്ദം നൽകുവോളെ!
വിണ്ണിൻ നിലാവിലെ നിർമ്മല താരമേ!
വിശ്വവിലാസിനീ കന്നിയമ്മേ! (കാരുണ്യം......

# I9

[പുതുമല്ല വിരിഞ്ഞല്ലോ.........എം. മ. ]

മധുമാസമെത്തിയല്ലോ പുതുമലർ വിരിഞ്ഞല്ലോ
മഴമാറി തെളിഞ്ഞൊരു കാലമായല്ലോ
ഓ.........കാലമായല്ലോ

പുതുയുഗ കാഹളമായ് പുലർകാററുമെത്തിടുന്നു
പുലരിയെ പുണരാനായ് പകലോനെത്തി
ഓ.........പകലോനെത്തി

കുയിലുകൾ ജാലമായി കളിപറഞ്ഞുല്ലസിച്ചു
കളകളം പാടിപ്പാടി പറന്നിടുന്നു
ഓ.........പറന്നിടുന്നു

മയിലുകളാടിടുന്നു മലരണിക്കാടുകളിൽ
മധുവുണ്ടു് അളിവൃന്ദം മയങ്ങിടുന്നു
ഓ.........മയങ്ങിടുന്നു

മലർക്കെട്ടും മാലയുമായ് മരിയതൻ കുഞ്ഞുമക്കൾ
മരിയയെ സ്തുതിക്കുന്ന നേരമായല്ലോ
ഓ...... നേരമായല്ലോ

നാരികളിൽ മോഹനാംഗി നരകുലറാണിയാകും
നാകറാണിയാകുമമ്മേ വാഴ്ത്തിടുന്നിതാ
ഓ......... വാഴ്ത്തിടുന്നിതാ
(മധുമാസമെത്തിയല്ലോ...)

## 20

[അച്ഛനിലെ "പരിതാപമയമായ്" എ. മ.]

പരലോകനാഥേ, കാത്തരുൾക,
പാപിയാം എന്നെ
വരമരുളിടണമേ കരുണയാലെ,
ദാസനാമെന്നിൽ
പാതകം ഞാൻ ചെയ്തുപോയെൻ
താതനോടേറേ
ആ പാതകത്തിൻ മാപ്പുനൽകി
കാത്തിടേണമേ (പരലോക...)

നാഥേ, തവതിരുപ്പാദമാണീ
ദാസനിനി അഭയം
കൈവിടാതെ കാത്തിടണമെ
ഏഴയേയെന്നും (പരലോക...)

നാഥേ, നിൻെറാരുദാസനായി
ജീവിച്ചീടുവാൻ
വേണ്ടും വരങ്ങൾ നൽകിയെനിക്ക്
അനുഗ്രഹം തായേ... (പരലോക...)

## 21

കാത്തരുൾക–കാത്തരുൾക–
സ്നേഹഗായകീ...വാനമതിൽ
വാണരുളും, നിർമ്മലമാതേ...കാത്തരുൾക...

നിൻപാദെചേരും ഞങ്ങളിൽ,
കരുണാകടാക്ഷം ഏകണേ–
നൽവരങ്ങൾ നൽകിടണേ
നിർമ്മലമാതേ......കാത്തരുൾക...

പാപാന്ധകാരേ കേഴുമീ......
നരജീവിതങ്ങൾക്കാശ്രയം!
ശ്രീ മേരി സ്വർഗ്ഗലോകറാണി നീ–ഓ.........
ദിവ്യാനുഭൂതിയെങ്ങും ചൊരിഞ്ഞു് കാത്തരുൾക...

സ്നേഹഗായകീ......

## 22

("ഭാരത നാടേ, ഭംഗിയാന്ന നാടേ...")

വാനവറാണി; മാനവ മാതെ;
ഫാത്തിമ നഗരമതിൽ–
തിരു–ദർശനമേകിയ നാഥെ (വാനവ...
മണിമാല കരത്തിലണിഞ്ഞും,
മൃദുഹാസമുതിർന്നും
ഓക്കുമരപ്രാന്തമതിൽ നീ–
ദർശനമേകിയതല്ലോ? (വാനവ...
നറുമലരിൻ കാന്തിയുതിർന്നും,
ശശി, പാദെയണിഞ്ഞും,

തവദർശനമേകണമേ;
കരയേററണമാശ്രയമാം നീ (വാനവ!...
താരകപൊൻമുടി ചൂട്ടും
മേയ്മാസറാണി;
താപങ്ങൾ തീർത്തടിയർ-
ക്കഭയം തരുമോ ജഗദംബേ?

## 23

[ജനഗണമന അധിനായക ജയഹേ എ. മ.]

നരഗണമതിനുടെ പാവനജനനീ
പാപികൾക്കാശ്രയമാതാ,
സ്വർലോകരാജകുമാരനെ, തന്നുദ-
രത്തിൽ വഹിച്ചവിശുദ്ധേ,
ഉത്ഭവപാപവിഹീനതയാൽപര-
മോന്നതയാം പരിശുദ്ധേ!
തവ സുതരല്ലോനാഥേ,
തവ കനിവേകുകമാതേ,
പാദേ അണയാൻ ശ്രീതേ.
ജനഗണമൊക്കെയുമാമലർ ചേവടി
കുപ്പിയണഞ്ഞിടുമംബേ
അമലേ-വിമലേ-മരിയേ-
ജയ-ജയ-ജയ-ജനനീ
പാപികൾക്കാശ്രയമാതാ,

## 24

[അമൃതെപൊഴിയും.........എ. മ.]

കലഹംനിറയും പാരിൽ
നിൻ കനിവിൻ കരങ്ങളേകു
കനിവിൻ വരങ്ങളേകു

ഉലകം ജീവിതമായകൾ തേടി
പാഞ്ഞിടുന്നയ്യോ! നാഥെ
നിൻകൃപചിന്തി കാക്കണെയെന്നെ
അമലാംബികയെ മേരിമനോജ്ഞെ

കനിവിൻ കരങ്ങളേകു
കനിവിൻ വരങ്ങളേകു (കലഹം.........

ഈശ്വരചിന്തകൾ കൂടി മറന്നു്
ഭോഗസുഖാദികൾ തേടാൻ
വെമ്പുമിലോകം നിൻകൃപയെന്ന്യെ
തകരും മരിയെ കനിയണെയെന്നിൽ

കനിവിൻ കരങ്ങളേകു
കനിവിൻ വരങ്ങളേകു (കലഹം.........

—※—

## 25

[ ഒരു കിണ്ണം ചന്ദനവും.........എ. മ. ]

കനിവിൻെറ കതിരാംമേരി വാഴക
നിത്യംപാലകീ
ശോകംനിറയും ജീവിതവാഴ്‌വിൽ
സ്നേഹക്കതിരുകൾ വീശുനീ...
(കനിവിൻെറ......

മാനവപാപം നീക്കാനായ്—
വിണ്ണിൽ വന്നൊരു താരകം
കാർമുകിൽ നീക്കി വെണ്ണിലാവൊളി
തൂകിട്ടകെന്നിൽ നായകീ—
തൂകിട്ടകെന്നിൽ നായകീ
കനിവിൻെറ കതിരാംമേരി വാഴ്ക
നിത്യംപാലകി!

കനിഞ്ഞുവന്നൊരു സ്വർഗ്ഗകുമാരി
നൽകുകനിൻ വരമാരികൾ—
നിനക്കു നല്ലൊരു സ്വർഗ്ഗവരങ്ങൾ
തന്നതാരാണു്—

കൊണ്ടത്തന്നതാരാണു്......
എൻമനവേദനയെല്ലാം മാററി
പൊൻകതിർതൂകു നായകീ—പൊൻകതി......
കനിവിൻെറ കതിരാംമേരി വാഴ്ക
നിത്യംപാലകി!!

നിൻസ്തുതിഗീതം പാടാനായ്
പൂക്കൾ വിരിഞ്ഞതറിഞ്ഞീലേ
കൂരിരുൾ നീക്കി പൂവൊളിവീശി
വന്നണയും നാളിൽ—നായകി
വന്നണയുംനാളിൽ—

സ്നേഹമതിൽ മണിദീപംതൂകി
വന്നണയൂ നീ ഗായകീ—
(കനിവിൻെറ....

# 26

(വെണ്ണിലാവെ, വെണ്ണിലാവെ!......എ. മ.)

സ്നേഹനാഥെ! സ്നേഹനാഥെ! വാനിൽവിലസും
ധന്യേ നീ
നൽകിടുക നൽവരങ്ങൾ
നിൻസുതന്മാർ ഞങ്ങൾക്കായി (സ്നേഹ...

ചാരുസ്വരൂപണി, സ്ത്രീകളിലുത്തമയെ
പ്രാത്ഥിക്ക പാപികൾ ഞങ്ങൾക്കായ്
നക്ഷത്രമുടി ചൂട്ടും പാവനറാണി
കൃപാകടാക്ഷങ്ങളേകിടുക
കൃപകടാക്ഷങ്ങളേകിടുക (സ്നേഹ....

ത്രിലോകരാജനാകും ക്രിസ്തുവിൻ ജനനി
രക്ഷിച്ചീടുക ഞങ്ങളെ നീ
സ്വർഗ്ഗകവാടമെ, ദുഃഖിതർക്കാശ്വാസമെ
കാത്തരുൾക ഞങ്ങളെയെന്നും
കാത്തരുൾക ഞങ്ങളെയെന്നും (സ്നേഹ ...

പാപികൾക്കാലംബമെ, പുണ്യപ്രസൂനമെ
ഭൂലോകമെങ്ങും വാഴ്ത്തും കന്യകെ
പ്രാത്ഥിച്ചീടേണെ ഞങ്ങൾക്കായ് നിരന്തരം
നിൻപ്രിയ തിരുക്കുമാരനോടായ്
നിൻപ്രിയ തിരുക്കുമാരനോടായ് (സ്നേഹ.....

## 27

("എൻെറമ്മെ കൊച്ചുതുമ്പി തുള്ളാതെ"... എ. മ.)

ഓ മാതെ! മാമരിയെ,
പാപികൾക്കാശ്രയമേ
ഞങ്ങളെ കൈവിടാതെ
എന്നെന്നും തൃക്കൺപാൎക്ക.
(ഓ മാതെ...

പാപത്തിൻ ചേററിൽ മുങ്ങി
നീന്തിടും ഞങ്ങളെ നീ
കൃപയുടെ തോണിയേററി
കാത്തിടുക കന്യകാംബേ (ഓ മാതെ...

ദൈവത്തിൻ മാതാവേ
ഞങ്ങൾതൻ മാധുര്യമേ
വാഴുക നീയെന്നാളും
ഞങ്ങൾതൻ മാൎഗ്ഗമായി (ഓ മാതെ...

## 28

മാപ്പു നൽകു! മനോജ്ഞേ, മറിയമേ,
ചിൽപുമാനേശുവിൻ തായേ, മമാംബികേ!
അംഗമാണ് ഞാൻ താവകസംഖ്യത്തിൽ,
തുംഗസ്ഥാനങ്ങൾക്കാശയുമില്ലല്ലോ.
അർഹനല്ല ഞാൻ നിൻ തിരുസേനയെ
അർഹമായ വിധത്തിൽ വളൎത്തുവാൻ
ധൂൎത്ത,നജ്ഞൻ, കൃതഘ്നനുമാണഹം
ആൎത്തനാം പാപിയായ് പാരിതിൽ മേവുന്നു.

തൃപ്തനല്ല, നിരാശനുമല്ല ഞാൻ
തൃപ്തനാണങ്ങേ സവിധത്തിൽ സർവ്വദാ
നിൻെറ തൃപ്പാദപത്മത്തിൽ പാപിയാ-
മെൻെറ കണ്ണുനീർ മുത്തുകൾ ചാർത്തട്ടെ!
മന്നിൽ മാമക മാനവജീവിതം
മന്നിലും വിണ്ണിലും നിൻസ്തുതിക്കായ് വരാൻ
സർവ്വലോകങ്ങളും, ജീവജാലങ്ങളും,
സർവ്വം സർവ്വദാ സർവ്വേശനേശുവിൻ
പ്രാഭവം പാടിപ്പുകഴ്ത്തുവാൻ നാകമാം
സൗഭാഗ്യലോകത്തിലൊന്നിച്ചു ചേരുവാൻ
നീ കനിയണേ, കാരുണ്യവാരിധേ
ഭീകരാന്ധകാരത്തിലെൻ മാതൃവേ!
മാപ്പു നൽകൂ! വരങ്ങളും നൽകു നീ
കെൽപ്പൊകെട്ടോരീ താവക പുത്രനിൽ.

## 29

1. വരദൻ സുതനീശനംബികേ,
നരലോകത്തിനു മാർഗ്ഗദീപമേ,
വിരവിൽ തവ ദിവ്യദൃഷ്ടിയീ
നരരിൽച്ചെറ്റു പതിച്ചിടേണമേ!

2. പതിയാമവസേപ്പുതാതനൊ-
ത്തതിമോദേന വസിച്ച കന്യകേ,
സുതനീശനു ജന്മമേകി നീ;
യതിനാൽ ധന്യതയാർന്നു ബദ്ലഹേം.

3. അരിവർഗ്ഗമണഞ്ഞു പുത്രനെ-
ക്കുരിശിൽച്ചേർത്തു വധിച്ചിടുമ്പോഴും,

കരുതീലവരോട്ട വൈര; മെ-
ന്മരിയേ, നിൻകൃപ വിസ്മയാവഹം!

4. ഒരു ചാൺ വയറിന്നുവേണ്ടി ഞാൻ
പരപീഡയ്ക്കു തുനിഞ്ഞിട്ടമ്പൊഴും,
അരുതാത്തതു ചെയ്തിട്ടമ്പൊഴും,
കരുണാപൂർവ്വമുടൻ തടുക്കണേ!

5. ഗുരുഭക്തി, വിവേകശക്തിയും,
പരമാദ്ധ്യാത്മിക തത്വനിഷ്ഠയും,
പരമാർത്ഥത, ദൈവഭക്തിയും
കരളിൽച്ചേർത്തു തുണെയ്ക്കുകെന്നെ നീ.

6. നരകാഹിയെ വെന്ന രാജ്ഞിയേ,
സുരലോകത്തിനെഴും കവാടമേ,
ശരണാഗതനായൊരെന്നെ നീ-
യുരുവാത്സല്യമനുഗ്രഹിക്കണേ!

7. ജപമാല ധരിച്ച നിന്മനോ-
ഹരരൂപം മനതാരിലെപ്പൊഴും
അമലോത്ഭവയായ നാഥയേ,
വിലസീടാൻ കനിയേണമംബികേ!

## 30

(പറന്നു, പറന്നു എം. മ.)

നിരന്നു നിരന്നു പരന്നു വാനിൽ
കാർമുകിൽ മാലകൾ-
വാർമഴവില്ലിടയ്ക്കൊരു മാലയും
ചാർത്തി-ആ-മാല-

1. ഭാനുവിൻെറ പൊൻകിരണം-
മന്ദമതില്പൂടെ മിന്നി-
താരകപ്രഭാകണങ്ങൾ
മങ്ങി മാഞ്ഞുപോയ്-നിരന്തു-

2. നിർമ്മലാഭ തൂകി വിണ്ണിൽ-കർമ്മലാംബ
തൻ വരവായ്,
സർവ്വലോകനാഥനെത്തൻ-
പാണിയിലേന്തി-നിരന്തു-

3. ഉത്തരീയമേന്തി കൈയ്യിൽ-
പാർത്തലത്തിലേക്കുവന്തു-
ഉത്തമരാം മർത്ത്യരെത്തൻ-
മക്കളായ്ത്തീർത്തു-നിരന്തു-

4. മാരിതൂകി മാമരിയാൾ-
പാരിതിൻെറ താപമാററി-
പാരിതിന്നു മോദമേകും
റാണിയാരു നീ-നിരന്തു.

—○○—

## 31

ഈമലനാടിനെ നോക്കിനിൻെറ
കണ്ണുകളെന്തെ നിറഞ്ഞിടുന്നു?
മാമലനാടിൻെറ മാറുകാൺകെ,
നിർമ്മലേ! നീയെന്തെ വേദനിപ്പൂ?
പൈശാചികതത്തിൻ കൈകളിൽ നിൻ
പിഞ്ചുകിടാങ്ങളമർന്നുപോയോ?

ആ വിഷവായു ശ്വസിച്ചവർതൻ
ജീവചൈതന്യം തകർന്നുപോയോ?
കർമ്മലേ! നിന്നെ മറന്നവർതൻ
മർമ്മരമെങ്ങുമുയർന്നിട്ടന്നോ?
നൈസർഗ്ഗികാഭയിൽ മുങ്ങിയെങ്ങും
പൈശാചികങ്ങൾ പറന്നിട്ടന്നോ?
'സ്നേഹ'മെന്നാവാക്കുതീണ്ടിടാത്ത
ചെയ്തികൾ വീമ്പുവിളിച്ചിട്ടന്നോ?
വഞ്ചനകൊണ്ടു-നിറഞ്ഞ ചിത്തം
പുഞ്ചിരിയെങ്ങും നിറന്നയിൽപൂ.
എങ്ങും കൊലവിളികേൾപ്പൂനീളെ,
എങ്ങും തീപ്പന്തമുയർന്നിട്ടന്നു!
പൂമരംപോലും തളർന്നിട്ടന്നോ?
പൂങ്കിളിപോലും കരഞ്ഞിട്ടന്നോ?
ഈവിഷബാധയീ നാട്ടിലെല്ലാ-
മിവിധം താണ്ഡവം ചെയ്തിട്ടന്നോ ?

കർമ്മലനാഥേ! നിൻകാന്തിപൂരം
ഈമലനാടിന്നുതുകിടേണം:
നിൻനാമകീർത്തനമാസ്വദിച്ചീ-
ഹൃന്നളിനങ്ങൾ തേന്തൂറീടട്ടെ!
നിൻസ്നേഹദീപം തെളിക്കുകിലീ-
'കേരളമക്കൾ' ഹാ! ധന്യരാകും.
മുഗ്ദ്ധമാം മാനുഷഭാവനയ്ക്ക്
ശോഭയേകുന്നതാണോ വെളിച്ചം

സൂര്യനെപ്പോലും മറച്ചിട്ടുന്ന-
ശോഭയേറുന്നതാണാവെളിച്ചം.
അനുഭവത്തിൻെറ വെളിച്ചമെന്നിൽ
അറിയാമെനിക്കു; കഥിച്ചിടേണ്ട......
ആ ദിവ്യദീപത്തിൻ ശക്തികൊണ്ടീ-
നാടിനെ ദിവ്യസ്വരത്തിലാഴ്ത്തും,
ആദിവ്യദീപത്തിൻ ശക്തിയാലീ-
നാടിൻെറ വാസന്തകാലമെത്തും.
കാനനപ്പൂക്കളാം ഞങ്ങളിന്നിൻ
കാന്തി കളഭംപുരട്ടിട്ടുകിൽ,
കാകോളക്കാറെററു വീശിയാലും
കാൽക്ഷണംഞങ്ങൾ തളരുകില്ല.

---

## 32

(എ അപ്നാദിൽ എ. മ.)

ഓ! അമലേനിൻ-തനയരിതാ

അണഞ്ഞീട്ടും-നിൻസവിധേയിതാ!

ആമോദചിഹ്നമേകി-ആശതൻ 'നാള'മേകി
ആകുലലോകെ-നീതാൻ അഭയമേകി
അമലേനിൻ-തനയരിതാ (അണ.

പാപത്തിൻഭാരംതിങ്ങി-താപത്തിൽ മനംവിങ്ങി
മേവിട്ടുമെന്നിൽനാഥെ-കനിഞ്ഞിടേണെ
പാപികൾതൻ-ആലംബം നീയെ (അണ.

അന്ധതയാകെ നീക്കി— അഹന്തയാകെപോക്കി
അമലേ നിൻസവിധേ— അണഞ്ഞിടുവാൻ
വരഗണങ്ങൾ—ചൊരിയുനീ (അണ

## 33

("മറിയക്കുട്ടി"യിലെ "ഈശപുത്രനെ" പോലെ)

പാവന ജനനി
പാലിക്കെ എന്നംബേ
ഈ മനുജരെ
കൈവിടല്ലെൻറംബേ
സ്നേഹപ്രദായകി...

1. പൂമാല കോർത്തിടാം
പൂച്ചെണ്ടു നൽകിടാം
ഈ കുസുമങ്ങൾ
സ്വീകരിക്കെൻറംബേ
പ്രേമസ്വരൂപിണി...(പാവന......

2. മാല്യകൾ നീക്കുക
മാമകനായകി
ഈ ഭൂമിയിങ്കൽ
ആധാരം നീയല്ലാ—
താരുണ്ടു മാതാവേ!...(പാവന......

3. ഏവർക്കുമാശ്വാസം
ഏവർക്കുമാലംബം
ഏകീടുന്നൊരു
നല്ലയമ്മയല്ലയോ
കന്യകമേരി നീ......(പാവന......

## 34

(പുതുമുല്ല വിരിഞ്ഞല്ലോ...... എ. മ.)

മധുമാസമെത്തിയല്ലോ പുതുമലർ വിരിഞ്ഞല്ലോ
മഴമാറി തെളിഞ്ഞൊരു കാലമായല്ലോ

ഓ......കാലമായല്ലോ

പുതുയുഗകാഹളമായ് പുലർകാററുമെത്തിടുന്നു
പുലരിയെ പുണരാനായ് പകലോനെത്തി

ഓ......പകലോനെത്തി

കുയിലുകൾ ജാലമായി കളിപറഞ്ഞുല്ലസിച്ചു
കളകളം പാടിപ്പാടി പറന്നിടുന്നു

ഓ......പറന്നിടുന്നു

മയിലുകളാടിടുന്നു മലരണിക്കാടുകളിൽ
മധുവുണ്ടു് അളിവൃന്ദം മയങ്ങിടുന്നു

ഓ......മയങ്ങിടുന്നു

മലർക്കെട്ടും മാലയുമായ് മരിയതൻ കുഞ്ഞുമക്കൾ
മരിയയെ സ്തുതിക്കുന്ന നേരമായല്ലോ

ഓ......നേരമായല്ലോ

നാരികളിൽ മോഹനാംഗി നരകുലറാണിയാകും
നാകറാണിയാകുമമ്മേ വാഴ്ത്തിടുന്നിതാ

ഓ......വാഴ്ത്തിടുന്നിതാ

(മധുമാസമെത്തിയല്ലോ...)

## 35

(ജരാസാമ്നേ ഌ ആവോ......എ. മ.)

പരലോകറാണി മേരീ! വാഴ്കനീ!
വെള്ളി പാലൊളിതൂകുന്ന താരമേ!
കാന്തിതൂകീട്ടുംനാഥേ വാഴ്ക നീ!
വരമാരിചൊരിയൂ ദാസരിൽ......പര...

നിരുപമസ്നേഹ–കാന്തിപരത്തും
കനകപ്രദീപമാം റാണീ മേരീ......
നിരുപമ.........

സ്നേഹദീപംകൊളുത്തീട്ട ദാസരിൽ
പാരിൽ ശാന്തിപുലർത്തുവാൻ നായികേ...
ആടലകററി നീ കാക്കുക......
മമ ജീവാത്മനായികേ ദാസരെ......പര...

മാമകവീണയിൽ–ഗാനങ്ങൾ മീട്ടി
നിൻ സ്തുതി പാടാം അംബികേ......
മാമകവീണ......

നീല നിലാവൊളി തൂകിട്ടും
വിണ്ണിലെന്നുമണയാത്ത ദീപമായ്
വരദാനങ്ങൾ തൂകി നീ വാഴക......
സ്നേഹഗായികേ നിത്യവും കന്യകേ......

## 36

("ഓരാത്കേ മുസാഫിർ" എ. മ.)

മെയ്മാസം വന്നണഞ്ഞു—പൂക്കാലമായി എങ്ങും
മേരീ മനോജ്ഞ വന്നു—ദാനങ്ങൾ നല്കിടാനായ്
(മെയ്മാസം...

സന്തപ്തമായ ലോകം—സന്തോഷമാർന്നിടുന്നു
സാകൂതം പാടിടുന്നു—സ്വർഗ്ഗത്തിൻ റാണിഗീതം.
ദൈവജനനിമേരീ, നിർമ്മലകന്യകയെ
കൈതവം നീക്കി എന്നും ദാസരെ കാത്തിടേണേ.
(മെയ്മാസം...

പാപവിഹീനയായി പാരിൽ ജനിച്ച നാഥേ
പാപാന്ധകാരമെല്ലാം പോക്കേണമെ ദിവ്യനാഥേ
തേടുന്നു ലോകമെല്ലാം നിൻപാദപങ്കജങ്ങൾ
തായേ നീ നൽകിടേണേ ദാനങ്ങൾ എന്നുമെന്നും.
(മെയ്മാസം...

## 37

('സിംബോ'യിലെ ..അവർ നിനൈവും......എ. മ.)

വിണ്ണിൽ വിരിയും പൊൻ കതിർ വീശും
ആനന്ദ താരകമേ
പാടുന്നേൻ പാടുന്നേൻ നിൻ സ്തുതി ഗീതം...ഓ...
വിണ്ണിൽ വിരിയും...വിണ്ണിൽ വിരിയും...

ഉണ്ണിയെ കയ്യിലുമേന്തി കൊണ്ടു്
പൊൻപ്രഭ വീശി തിളങ്ങിയെന്നും

നിൻ തിരുനാമം, നിൻ സ്തുതിഗീതം
പാരിലും വിണ്ണിലും മോദമായ് കൊണ്ടു്...ഓ...
വിണ്ണിൽ വിരിയും...വിണ്ണിൽ വിരിയും...

നിൻ മക്കൾ കേഴുന്നു കാണുകാ 'റീ മേരി നാഥെ
ഇല്ലെനിക്കാശ്രയം ഭൂവിൽ വേറെ
കാരുണ്യത്തോടെ, കാത്തരുളേണെ
കാരുണ്യക്കാതലേ–സ്നേഹ നായകീ...ഓ...
വിണ്ണിൽ വിരിയും...വിണ്ണിൽ വിരിയും...

കൂരിരുളാകുന്ന ജീവിതത്തിൽ
ദീപമാണീയെൻെറ ജീവനാം നീ–
നിൻസ്തുതി ഗാനം, നിൻ സ്തുതിസ്തോത്രം
പാരിലും വിണ്ണിലും മോദമായ് കൊണ്ടു്...ഓ...
വിണ്ണിൽ വിരിയും...വിണ്ണിൽ വിരിയും...

## 38

ആഗതമായീ മേമാസം;
ആകമ്രോജ്ജ്വല മധുമാസം.
ആതപമാററും നവമാസം
ആനന്ദം തരുമൊരു മാസം;
ലതികകളഖിലം പൂചൂട്ടും
ലളിത മനോഹരമലർമാസം;
ചോലകൾ പാട്ടും പാടിക്കൊ–
ണ്ടോടിപ്പോകും കുളർ മാസം
പക്ഷികളാനന്ദത്തോടെ
പാട്ടുകൾ പാടും ഇൗമാസം;
മധുരഫലം പരമെമ്പാടും
തരുനിര ചൊരിയും ശ്രീമാസം

പച്ചയുടുപ്പിട്ടംഴിപ്പൂ-
മങ്കലസിക്കും നുമാസം.
പ്രകൃതിയതീവ മനോഹരിയായ്-
ച്ചമയും സുന്ദര വരമാസം
ശ്രേഷ്ഠമഹേശ്വര ജനനിക്കായ്
സ്തുതിയർപ്പിപ്പാൻ പ്രത്യേകം.
പാരിതിലാഗതമായീടും
പാവനമാസം "മേമാസം".

# 39

(മണ്ണിൽ... ഈ നല്ല മണ്ണിൽ... എം. മ.)

രാവിൽ......മേയ്മാസരാവിൽ
പൂമണം പാറിട്ടമ്പോൾ
പൂങ്കുയിൽ പാടിട്ടമ്പോൾ
ശ്രീമേരി വന്നിട്ടുന്നു...
ശ്രീമേരി വന്നിട്ടുന്നു ആ...ആ...ആ
മാലാഖമാരുടെ ഗാനമേള
വാനിലിരമ്പി ഉയർന്നുവന്നു
അമ്പിളിമാമനതേററുപാടി
കാർമുകിൽ മാലകൾ നൃത്തമാടി (രാവിൽ...
ആ...ആ...ആ
പാപക്കടലിൻ മറുകരയിൽ
തോണിയായെത്തുമോ മേരിനാഥേ?
ഏഴകൾക്കെന്നെന്നുമാശ്രയമേ
നൽവരമേകി നീ കാത്തിടേണെ. (രാവിൽ...

## 40

("ഒരുകിണ്ണം ചന്ദനവുംകൊണ്ടോടിനടക്കും വെണ്ണിലാവെ" എ. മ )

അമ്പിളിയിൽ പീഠമൊരുക്കി പുഞ്ചിരിതൂകുന്ന
മേരിനാഥെ
അൻപിനാൽ നിൻ പാദതാരിലൊരാശ്രയം
തരുമോ......നീ ആശ്രയം തരുമോ? (അമ്പിളി......
വെള്ളിമേഘം പൂവിതറി_വീണമീട്ടി വാനദൂതർ
വിണ്ണിൽനിന്നും വന്നെനിക്കൊരു നൽവരം
തരുമോ......നീ നൽവരം തരുമോ? (അമ്പിളി...

പെരുത്തപാപക്കൊട്ടംകടലിൽ മറിഞ്ഞുപോയെൻ
ചെറുനൗക
കരദ്വയങ്ങൾ കനിഞ്ഞുനല്കി കരസ്ഥണയ്ക്കില്ലെ?
എന്നെ വിമുക്തനാക്കില്ലെ?
നിറഞ്ഞ വിണ്ണിൽ നിന്നെക്കാണ്മാൻ
സംഗതിയാക്കില്ലെ?
എന്നെ സംഗതിയാക്കില്ലെ? (അമ്പിളി...

വരുന്നു ഞാനെൻ കുരുന്നുഹൃത്തിൽ കൊരുത്ത
വെൺപൂ മാല്യവുമായ്
തരുന്നു ഞാനെൻ സമസ്തമങ്ങേക്കടാക്ഷമേകില്ലേ?
എന്നിൽ കടാക്ഷമേകില്ലേ?
നിറഞ്ഞ വിണ്ണിൽ നിന്നെക്കാണ്മാൻ
സംഗതിയാക്കില്ലെ?
എന്നെ സംഗതിയാക്കില്ലെ? (അമ്പിളി...

## 41

(കാട്ടപൂവേ! നീ ചിരിയ്ക്കും......എ. മ.)

കാനനങ്ങൾ കാത്തിരുന്ന, കാലമായില്ലേ?...
കാട്ടുകൊന്ന മാലതീക്കും, മാസമായില്ലേ?......(2)

പൂനിലാവിൽ പൂവിലഞ്ഞി,
പൂചൊരിയുമ്പോൾ.. (2)
നീലവാനിൽ മിന്നിടുമെൻ,
ആശ്രയം മണിദീപമേ'

(കാനന...

വേദനയാൽ മൂകനായ് ഞാൻ
കേണിടുമ്പോൾ നീ...(2)
വേഗമെന്നിൽ തൂകണമേ!
താവക വരമാരികൾ...

(കാനന...

വെള്ളിമാല തീർത്തിടാം ഞാൻ
പാദപങ്കജേ...(2)
ഉള്ളിലെൻെറ മാനസ്സത്തിൽ
പൂജ്ജ്യയാം, പുഷ്പറാണി നീ!

(കാനന...

## 42

(പൂമല്ല പൂത്തപ്പോ.........എ. മ.)

മാതാവേ, നിൻ സ്തുതിഗീതങ്ങൾ പാടുവാൻ
വരികയായ് ഒരു മാല ചാർത്തീടുവാൻ
അണയുന്നു നിൻ പാദെ, ആ നല്ല പൊൻപാദെ
ത്തുമന്ദഹാസത്തിൻ മിന്നൽ കാണാൻ

അഴകുററ ദീപമെ, പൊൻപുലർതാരകെ
നിൻപാദം കുപ്പീടാം എന്നുമെന്നും
പാരിൻെറ ദീപമെ, യേശുവിന്നമ്മയെ
കുപ്പിടാം നിൻപാദമെന്നുമെന്നും (മാതാവെ...

ആനന്ദമോടെ നീ വാണിട്ടും വിണ്ണില്ല്
സ്വർലോകരാജ്ഞിയായ് മേവിട്ടും നീ
താരക പൊൻമുടി ചൂടി നീ വാനതിൽ
മേവിട്ടും റാണീ നിൻപാദം കുപ്പാം (മാതാവെ...

അഴലിൻെറ വീഥിയിൽ മേവിട്ടുമെന്നെ നീ
കാത്താലും കന്യകെ കൈവിടല്ലെ
അഴകിൻെറ ദീപമെ, സ്നേഹസ്വരൂപിയെ
കുപ്പീടാം നിൻപാദമെന്നുമെന്നും (മാതാവെ...

## 43

(മധുമതി "ട്ടടേ ഹുയെഖാ ബോംനേ..." എം. മ.)

അമലോത്ഭവയാം മരിയേ
അഴകാന്നിട്ടമെന്നമലേ...
അഴലിൽ... അഴലിന്നിരുളാണുലകിൽ
അലയാനിട നൽകരുതേ...
(അമലോത്ഭവയാം...

വരസാഗരമാം മിശിഹാ
വരുവാനിഹ കാരണമാം...
വരദേ! കരമേകണമെ,
ചരണാശ്രിതരിൽ, ധരമേൽ...
കൃപതൻ കടലാം മരിയേ!
പദതാരിണയിൽ തൊഴമേ!

അഴലിൽ .. അഴലിന്നിരുളാണലകിൽ
അലയാനിട നൽകരുതേ!

(അമലോത്ഭവയാം...

വരമാരി ചൊരിഞ്ഞൊരു നിൻ
കരകാന്തി പുണന്നവരിൻ...
സുരലോക മഹാറാണീ,
തുണയേകുക നാഥേ, നീ...

കരളിന്നുറവിൽ നിറയും
വരരാഗസുധാ ചൊരിയും
മരിയേ! മരിയേ മഹിമാംബുധിയേ!
അലയാനിട നൽകരുതേ!

(അമലോത്ഭവയാം...

പുതുതേൻ നിറയും മലരേ
തവമാധുര്യമേ പൊഴിയൂ...
കദനാംബുധിതൻ നടുവിൽ
അരുളേണമെ നീയഭയം...

നരകാഗ്നിയതിൽ വീഴാൻ
തരമാകരുതേയമ്മേ!
തിരകൾ...തിരകൾ ഉയരും കടലിൻ
കരയേറണമേ പരിചിൽ...

(അമലോത്ഭവയാം...

—=—

## 44

വാസന്തി, മല്ലികാ, മുല്ല, മന്ദാരമീ-
വാസന്ത സൌഭാഗ്യമാളും സുമങ്ങളിൽ,

ത്തുമന്ദഹാസം ചൊരിഞ്ഞ മെയ്മാസമേ!
നീയെങ്ങുപോയി, തിരിച്ചെന്നു വന്നിടും?
നിൻകാലടിസ്പർശമേല്ക്കുവേ കല്ലിലും-
പൊന്നു വിടന്റ പ്രപഞ്ചമാർഗ്ഗത്തിൽ ഞാൻ
മുന്നോട്ടു പോവാൻ കൊതിക്കുന്നതിന്നുമേ,
നന്നേ കടുത്ത കല്ലെങ്ങും ചവിട്ടുവാൻ.

2

സൌമ്യസൌരഭ്യം പരത്തിപ്പറന്നിടും-
സൌമനസ്യത്തിൻ കുളിക്കാററു പുല്കവേ,
അന്നന്നു പൊട്ടിത്തുറക്കും വിഭാതങ്ങ-
ളൊന്നുമുന്മേഷദംതന്നെയല്ലിന്നുമേ
അന്യോന്യവൈരം മറന്നൊത്തുചേരുവാൻ
സന്ദേശമേന്തിയന്നാഗന്ധവാഹകൻ
സ്നേഹം നിറഞ്ഞുള്ളമെന്നും തുടിപ്പിച്ചു-
തേനിററുവീഴും സുമങ്ങളന്നെന്നിലും.
തേനുണ്ടു മണ്ടും മരന്ദവൃന്ദങ്ങള-
ന്നാനന്ദവൃത്തം മരുത്തിൽക്കുറിക്കവേ,
വൃത്തസീമക്കകം വിട്ടുൽഗളിച്ചതെൻ-
ചിത്തത്തിൽ നിന്നന്നൊരാനന്ദനിർഝരി!

3

പൈങ്കിളിപ്പാട്ടും പുകഴ്ത്തുന്നൊരദ്ദിവ്യ-
സങ്കേതമെങ്ങെന്നു കാണ്മാൻ കൊതിക്കവേ,
ഞാനും പറന്നുപോയ് ബ്ഭാവനാപത്രങ്ങൾ-
വാനിൽപ്പരത്തി ക്രമത്തിൽ സ്വതന്ത്രമായ്
പാരത്ര്യങ്ങളാം പാരവശ്യങ്ങളും
തീരേ മറന്നോ പറന്നു പോയീടവേ,
കണ്ടു ഞാൻ ദൂരവേ,-പെട്ടെന്നു ചാരവേ,
വിണ്ടലം തിങ്ങിതിളങ്ങുന്ന വിഗ്രഹം!

നൽക്കലാചന്ദ്രൻ തലോടും തളിർപ്പദം
ചിക്കെന്നു ചെന്നന്നു കുമ്പിട്ടുപോരുവാൻ
വെമ്പലാന്നെന്തവേയെന്നിലും തൽക്ഷണം
വെണ്മലർത്തുവാൻ തുടങ്ങും തിരുമുഖം
നിത്യവും കാണിച്ചുതന്നതാം മെയ്മാസ-
ഭക്തിഗീതങ്ങൾ തുടന്നും മുഴക്കുവാൻ,
ലോലമാം ഹൃല്ലാംകുഴൽക്കരൾത്തട്ടൊന്നു-
മേലിലും, മേയ്മാസറാണി! തരേണമേ!

## 45

(ജരസാമിനെതൊ ആവൊ ചലിയെ എ. മ.)

മലർക്കാലറാണിയെ നീ വാഴുക.
എന്നും മാനവൻെറ ഹൃത്തടത്തിൽ വാഴുക.
നീ എന്നെന്നും മുടിചൂടിവാഴണേ
ഈമാനവൻെറഹൃത്തടത്തിൽ റാണിയായ്
(മലർ...

ലോകത്തിൽ സ്നേഹദീപം കൊളുത്തിയ
പാരിൻെറ പ്രഭയെ മങ്ങരുതെ.
സ്നേഹശൂന്യരായി വീണ്ടും മാനവർ
അന്ധകാരത്തിൽ വീണ്ടും വീണുപോയ്.

നീ പാരിൻെറ വെള്ളിശശിരേഖപോൽ
മറയാതെ ഇനിയെന്നും മിന്നണമെ (മലർ...

മെയ്യോടെ സ്വർഗ്ഗംപൂകിയ രാജ്ഞി
തനയരെ തൃക്കൺപാർക്കേണമെ.

നീ മാത്രമാണ് ഞങ്ങൾക്കാശ്രയം
നീ മാത്രമാണ് ഞങ്ങൾക്കാലയം.

നീ പാരിൻെറ വെള്ളിശശിരേഖപോൽ
മറയാതെ ഇനിയെന്നും മിന്നണമെ. (മലർ....

## 46

('ആജാരെപരദേശി...' "മധുമതി")

ഓ മേരീ വരറാണി
മണ്ണിൽ കണ്ണുനീരുമായ് കഴിയും
നിൻസുതരിൽകൃപ, മാരിയായ് ചൊരിയൂ
ഓ മേരീ...വരറാണി.

തിന്മയിൽ മുഴുകിട്ടും നരഗണ സവിധെ
നന്മയുമായ് നീ ആഗമിച്ചീട്ട
കന്മഷമഖിലം മാററീട്ടവാനായ്—നീ...
ഓ മേരി മണ്ണിൽ കണ്ണുനീരുമായ്......

ഭൗമികസുഖങ്ങളിലാശ നിറഞ്ഞു
അഭയസങ്കേതം പാടെ മറന്നു—
മരുവിട്ടും നിൻെറ തനയർക്കുവേണ്ടി—നീ...
ഓ മേരി മണ്ണിൽ കണ്ണുനീരുമായ്

ജപമാല, പ്രാത്ഥന, ത്യാഗങ്ങളിവയാൽ
ജനനിയെ നിത്യം വാഴ്ത്തീട്ടവാനായ്
ജനങ്ങളിലെന്നും നീ വസിക്കേണെ—നീ...
ഓ മേരി മണ്ണിൽ കണ്ണുനീരുമായ്...

# 47

(പച്ചപ്പനം തത്തെ എ. മ.)

ഉല്ലാസലോലരായെല്ലാരുമങ്ങമ്മെ-
ച്ചൊല്ലിയാനന്ദിക്കുന്നു!
കിന്നരക്കമ്പികൾ പൂന്നാരപ്പാട്ടുകൾ
പാടുന്നു നിൻെറ നേരെ.... 2

ആരുനീ യാരുനീ യാനന്ദഗായകി?
വിശ്വമനോഹരിയേ
സമ്പൂതസ്നേഹമാം ദൈവകുമാരൻെറ
മാതാവേ; ഭാഗ്യതാരേ.... 2 (ഉല്ലാസ)

ആ നീലവാനിലെ ചന്ദനശീതള-
പാലൊളി നാളമായി
നീയെന്നും മിന്നുന്നു, ചിന്നുന്നുകാന്തിയീ-
മന്നിലും മാർഗ്ഗമായീ, 2 (ഉല്ലാസ)

പാപികളാണിവർ പാവങ്ങൾ ഞങ്ങളി-
പ്പാരിലേ പാന്ഥരാണേ
നേരായ പാതയിൽ നീ നയിച്ചീടണേ
നേരെഴും ത്യാഗിനിയേ.....2 (ഉല്ലാസ)

നീ ഞങ്ങൾക്കമ്മെയാണീക്കുഞ്ഞുമക്കൾക്കീ-
ഭൂമിയിലാധാരമേ
സ്നേഹവും ശാന്തിയുമേകുന്നനിൻതണൽ
സൗഭാഗ്യസങ്കേതമേ ...2 (ഉല്ലാസ)

## 48

(നൂർജിഹാൻ എന്ന നാടകത്തിലെ "ഒരു ഗാനസാമ്രാജ്യം ഉള്ളിലൊതുക്കി" എ. മ.)

മധുമാസഗീതങ്ങളുയരുകയായി
മധുവൂറും മലരുകളണയുകയായി
നവഹാസം വന്നു വസന്തവും വന്നു
നൽവരം തൂകാറായില്ലെ–തായേ?

നൽവരം തൂകാറായില്ലേ? (മധുമാസ....

പുതുപൂവാൽ ഹാരങ്ങളണിയിക്കാൻ വന്നല്ലോ
പുതുഗീതധാരയാൽ വന്നല്ലോ
പാണികൾ കൂപ്പുന്നു പാദെ നമിക്കുന്നു
പൂമാരി തൂകാറായില്ലെ–നാഥെ?

പൂമാരി തൂകാറായില്ലേ? (മധുമാസ.....

പറവകൾ പാടുന്നുയമലെ നിൻകീർത്തനം
പാവനമാസത്തിൻ കീർത്തനങ്ങൾ
മാനത്തെ മന്ദാരത്തോപ്പിലെ താരമേ
വാരൊളി തൂകാറായില്ലേ? (മധുമാസ....

## 49

(പൂക്കാത്തകാവിൽ പറന്നുവന്ന......എ. മ.)

താരാഗണത്താൽ മുടിയണിഞ്ഞു
വാരമ്പിളിക്കലതൻ നടുവിൽ
സൂര്യാഭപോൽ പ്രഭതൂകിനില്ക്കും
നാരീജഗൽ ജനനീവരദേ–

അൻപിൻ പ്രകാശക്കതിർ പൊഴിക്കും
പൊൻപാണിയീ പാരിലേക്കുനീട്ടി!
നിൻപാദദാസർക്കനുഗ്രഹങ്ങൾ
എമ്പാടുമേകും ജനിത്രിയല്ലോ— (താരാ......

മാലാകെ മാററും നീയിധരയിൽ
മാലിന്യമെന്യേ ജനിച്ചതിനാൽ
മാലാഖമാരങ്ങു വാഴ്ത്തീടുന്നു
മാലോകർ പാടിപ്പുകഴ്ത്തീടുന്നു— (താരാ...

ഇമ്മന്നിലാലംബമേതുമെന്യേ
നിൻമക്കൾ ഞങ്ങൾ കുഴങ്ങുകയാൽ
ചെമ്മേയണയുന്നുനിൻ പാദത്തിൽ
അമ്മേ കനിഞ്ഞിന്നനുഗ്രഹിക്കു— (താരാ...,

## 50

(ആനന്ദവാസം—അമരവിലാസം...എ. മ.)

താരകൾ ചൂടി—തരുനിരയാടി
മോദാൽ മാമരി പാദം—സുകൃതസമാഹാരം
വരുവരു ചിര മിരുനര നിരമുന്നണി
മരുവിടു മനുപാദം— അടിമലർ—തഴകിടുമതിമോദം
(താരകൾ....

ചെറുചിരി വഴിയുമ സുന്ദരവദനം
കൃപയേകും പാരം—എഴക്കതിമോദം പാരം.
ഒ...കനിവിൻവീചികൾ, ഒഴകും, സുകൃതികൾ
പെരുകും
മമറാണി—വികൃതികൾ അണയും മമ റാണി
(താരകൾ. ..

അലയും അഗതികളണയാമതിനതി
മാലണയാൻ മാതേ–മേരീ–
ചേലണിയാൻ മാതേ....
ഒ. മുവ്വിധ വൈരികളുടനുടനൊന്നായ്
പൊരുതാൻ വരുമമ്മേ...കൈതവ
ധരതാൻ വരുമമ്മേ... (താരകൾ...

മോക്ഷറാണി തവ വരഗണമേകി
ഇരുൾതകരും നേരം–തവസുതർ
കരൾകവരും നേരം....
മോദമേറുമതിഗാന മേളയാൽ
കീർത്തിതയെൻ റാണി–മോദാൽ
വാഴ്ത്തിതയെൻ റാണി– (താരകൾ....

---

## 51

(രാവും പകലും··· എ. മ.)

രാവും പകലും ഇല്ലാതെ
കാവുകൾതോറും പാടുന്നു
പൈങ്കിളിജാലമെൻ മാനസേ
പകരുന്നു മാധുരിഗീതമേ...

പാടുന്നുപൈങ്കിളിജാലങ്ങൾ
മെയ്മാസറാണിതൻ ഗാനങ്ങൾ
തൂമന്ദഹാസം ചൊരിയുന്നു പൂക്കൾ
തൂമലർക്കാവുകൾ തോറുമേ... (രാവും···

മാലാഖമാരുടെ റാണിയ്ക്കായ്
ഈലോകേ മാനവർ പാടുന്നു

ചേലോടെ ഞങ്ങൾ മാലകന്നെന്നും
മേയ്മാസറാണിതൻ കീർത്തനം.. (രാവും...

പൂക്കളെറുത്തെൻെറ റാണിയ്ക്കായ്
പൂമാലകോർത്തുഞാൻ ചാർത്തിടാം
സുമന്ദഹാസമധുമാരിയെങ്ങും
ചൊരിയുന്ന റാണിയാളാരുനീ.. (രാവും...

പിഞ്ചുകിടാങ്ങൾ നിൻപാദേയായ്
അഞ്ചാതെ കൂപ്പുകൈമൊട്ടുമായ്
മരുവുന്നു,തായേ! വരമരുളേണേ
പരിചിൽനിൻഗാനങ്ങൾ പാടീടാൻ.... (രാവും...

## 52

('ചാഹേപാസ്ഫോ'...സാമ്രാട്ട് ചന്ദ്രഗുപ്താ)

നാഥേ വാഴുക നാകറാണിയായ്–എന്നും
നരലോകപാപികളെയോർത്തു നീ
വാഴ്ക കന്യകേ! ദിവ്യറാണിയായ്–മേന്മേൽ
വാനിൻെറ ദിവ്യദൂത രാജ്ഞിയായ്

അഴലേറുംമന്നിൻ നെടുവീർപ്പു നീക്കാൻ
അഴകാന്നൊരമ്മേ! നീ വരുകില്ലേ?
ആടലകററാൻ കണ്ണീരുമാററാൻ
ആലംബമമ്മേ, നീ മാത്രമല്ലേ?
നീ മാത്രമല്ലേ? (നാഥേ. ..

നിൻസ്തുതിഗീതം പാടുന്നനേരം
നിന്നിലലിഞ്ഞു ചേരുന്ന നേരം

നിർവ്വൃതിയടയാൻ കഴിയുന്നുവല്ലോ
നാകത്തിലോളം അണയുന്നപോലെ....
അണയുന്നപോലെ (നാഥേ...)

വേദനതിന്നും മാനവരെല്ലാം
വീണകൾ മീട്ടും പാട്ടുകൾ പാട്ടു
വാനിൻെറ മാറിൽ അലതല്ലിട്ടുമ്പോൾ
വാനിൻെറ റാണി നൽവരമേകും...
നൽവരമേകും.... (നാഥേ!...)

## 53

(ഹിന്ദി. "ഠൺഡീഠൺഡിഹവാ" എ. മ.)

സ്വസ്തി! സ്വസ്തി സദാ കൈവണങ്ങുന്നിതാ
സർവ്വസംപൂജ്യതേ മേരിനാഥേ മുദാ. (സ്വസ്തി)

നിർമ്മലാനന്ദമേ, പുണ്യസാരാംശമേ
നന്മ സംപൂരിതേ, നാഥേ വാഴ്ക മുദാ (ആ...
നിർമ്മലാനന്ദമേ.........

ജന്മകന്മഷമേതെല്ലും കൈവരാമേ
തിന്മ നീക്കിട്ടുവാൻ ഭൂവിൽ വന്നവളേ (സ്വസ്തി)

ദൈവമാതാവാകും ദിവ്യ ശ്രീമേരി നീ
ഭവ്യസങ്കേതമായ് നാഥേ വാഴ്ക മുദാ (ആ...
ദൈവമാതാവാകും.........

പാപപങ്കിലമായ് ലോകസാഗരമേ
ഞങ്ങൾക്കാശ്രയമായ് നാഥേ വാഴ്ക മുദാ.
(സ്വസ്തി)

## 54

(ഹിന്ദി. "മേരിനദർസെ" എ. രീ.)

മേരിതൻ ശരണം മാമകശരണം
നാകഭാഗ്യ സാരലീനം.

ഭവ്യപ്രകാശം തൂകിയുയന്ന ദിവ്യ
നക്ഷത്രം നീയല്ലൊ നാഥേ
സ്വർഗ്ഗത്തിൻ കാന്തി ദീപമാമങ്ങാൽ
ഉജ്ജ്വലിയ്ക്കും ഞാൻ വിശേഷാൽ_മേരിതൻ.........

സ്നേഹപ്രവാഹ സാരമാമങ്ങിൽ
ലീനനായ് ഗാനം പാടിപ്പുകഴ്ത്താൻ
നാവിന്നുശക്തി ഏകണം നാഥേ
ദേവമാതേ! ദൈവജാതെ! (മേരിതൻ.........

ആമയച്ചേററിൽ ആണ്ടിടാതെന്നെ
ആമരണം നീ കാക്കണമമ്മെ
മോക്ഷത്തിൻ വാതിൽ നോക്കിക്കരഞ്ഞു
വാണിടുന്നു ദാസരമ്മേ (മേരിതൻ.........

## 55

(ഹിന്ദി. വദൻ കിരാഹമേ വദൻക. എ. രീ.)

വളന്ന കാന്തിചേൎന്നു മിന്നിടുന്ന ദിവ്യതാരമേ!
ഓ! കിളൎന്നുയൎന്നു പാറിടും വിശുദ്ധിതൻ
വിഹാരമേ. (കിളൎന്നു......

ഇഹത്തിലും പരത്തിലും പകന്ന
പുണ്യശോഭയാൽ

സമസ്ത ജീവരാശിയും വിളക്കിട്ടും വിളക്കുപോൽ
ജ്വലിക്കു മമ്മയിൽ ലയിച്ചിടട്ടെ മക്കളേവരും.
(കിളന്നു......

കഴിഞ്ഞകാലമമ്മയെ നിനച്ചിടാത്ത മക്കളായ്
കൊഴിഞ്ഞുപോയിട്ടുന്ന പൂക്കൾപോലെ
വാണു ഞങ്ങളും
കുഴഞ്ഞുപോം ജനിത്രീ! നിൻസഹായമററ
സർവ്വവും (കിളന്നു......

ഇരുട്ടിലാണു വാണതൊക്കെ അന്ധകാരരൂപമായ്
കരുത്തുമില്ലതിങ്കൽനിന്നു കാന്തി കൈവരിക്കുവാൻ
വിരുദ്ധ ശക്തികൾക്കിടക്കുവീണു ഞാൻ
തളന്നുപോയ് (കിളന്നു......

# 56

("വെണ്ണിലാവേ, വെണ്ണിലാവേ" എ. രീ.)

മേരിമാതേ, മേരിമാതേ
പാരിലാക്കും തുണ നീയെ
നാരിമാരിൽ പാവനാംഗി
കൂരിരുളിൽ തുണ നീയെ (മേരിമാതേ......

പാപക്കൂരിരുൾ പാരിൽ നിറഞ്ഞിതാ
പാരം മനുജർ അലയുന്നേൻ
പാപക്കൂരിരുൾ............
അമ്പിളിപൊഴിയും കാന്തിതന്നഴകിൽ

അൻപിൻ കുളിരൊളി ചൊരിയുന്നീ
അൻപിൻ..........................(അമ്പിളിപൊഴിയും
(മേരിമാതേ......

ശാന്തിയെഴുന്നൊരു പാവനശീലേ
പാദ താരിലണഞ്ഞീടാൻ
ശാന്തിയെഴുന്നൊരു.........
പാരിൽ വിലസ്സും കനിവിൻ കടലിൽ
പാരം ഞങ്ങൾ തുടിച്ചീടാൻ
പാരം.........പാരിൽ വിലസ്സും...... മേരിമാതേ......

പാവനമങ്ങെ പാദസരോജം
പൂർണ്ണചന്ദ്രിക പ്രഭ ചൂടി
പാവനമങ്ങെ...............
മാനത്തലയും താരകൾ നീളെ
വാനത്തിൽ മണിമുടി ചൂടി............
വാനത്തിൽ..............മാനത്തലയും ......................



# മാർച്ച്മാസഗാനങ്ങൾ

(കാടൊക്കെ വെട്ടിനിരത്തി or

കൊച്ചമ്മച്ചൂച്ചകഴിഞ്ഞാൽ,...എന്ന രീതി.)

മരിയാത്മജനീ ധരതന്നിൽ പരിപാലകനായി വിളങ്ങി
അതിപാവനതാതനുനിത്യം സ്നേഹമെഴും മാർ
യൗസേപ്പിൻ
സ്തുതിഗീതം പാടീടാം; തൃച്ചരണം തേടീടാം.
കന്യാമണിയാം മറിയത്തിൻ നിർമ്മലനാം പതിയായീടാൻ
ധന്യശിരോമണിയായങ്ങേ വിണ്ണിലുയർത്തി ജഗദീശൻ
ദാവീദിൻ ഗോത്രജനെ ദാനങ്ങൾ ചൊരിയേണേ.
മരിയാ...
സ്വർഗ്ഗീയപിതാവിൻ സ്ഥാനം ഭുവിലിയന്നമഹാത്മാവേ,
സ്വർഗ്ഗീയ കരങ്ങൾ താങ്ങി കാത്തരുളങ്ങേ ദാസകരെ,
പാപക്ഷതമേശാതെ-പാരിന്നിരുൾ പൂകാതെ.
മരിയാ...
വിനയത്തിൻ പൊന്മുടിചൂട്ടും വിശ്വത്തിൻ
പരിരക്ഷകനേ,
വിനതിങ്ങും ജീവിതമദ്ധ്യേ മരണം മാടി വിളിക്കുമ്പോൾ
തുണയേകാൻ വരണേ നീ, നന്മരണം തരണേ നീ.
(മരിയാ...

—○○—

## II

(മേരെ ദിൽയെ പുക്കാരെ............എ. മ)

വരമേകിട്ടുവാനായ് താതാ,
തവനുജരിതാ നിൻ പാദേ
മേരിറാണീതൻ കാന്താ; നാഥനേശുപാലകാ
(വര...)
i) രോഗികൾക്കാശയാം നായകാ, പീഡിതക്കാ
ശ്രയമേ!
നിൻപദം തേടിട്ടും പാപിയിൽ നീ
കനിഞ്ഞീടണേ!
മോദാമോദം നൽവരം, ഏകി മന്നിൽ ശാശ്വതം
സുഖശാന്തി വരുത്തുക താതാ! (വര......)
ii) രാജനാമേശുവിൻ ജീവനെക്കാത്തൊരെൻ
പാലകാ!
മാമക ജീവനെകാക്കണെ, യൻപിനാൽ നായകാ
കന്മഷമേശാത്ത നീ, പങ്കമാകെ നീക്കണേ
തവ പാദെയണയുന്നു ഞങ്ങൾ (മേരിറാണി)
(വരമേ......)

## III

(എത്രാനല്ലീശോ നാമ്മാ എ. മ.)

1. വിശ്വാസരക്ഷകനെ–വിണ്ണിൽ വൻപുണ്യവാനെ
മാമുനിശ്രേഷ്ഠനാകും–മാർ യൗസേപ്പേതുണക്കു.

2. സ്വർഗ്ഗ ഭണ്ഡാരങ്ങളെ–സ്വായത്തമാക്കിയുള്ള
സ്വർലോക കാര്യക്കാരാ–ത്വൽകൃപയേകണമെ.

3. ഹേറോദേശിൻ കൊടിയ–വാളിന്നിരയാകാതെ
ഉണ്ണിയെ കാത്തമഹാ–പുണ്യവാനെ ശരണം.

4. ദിവ്യകുടുംബത്തെ–നീ ഐക്യപ്പെടുത്തിയപോൽ
നവ്യമായീക്കുടുംബം–ഐക്യപ്പെടുത്തിടുക.

5. ദാരിദ്ര്യപീഡിതർക്കൊ–രാലംബമായിടുന്ന
വേലക്കാരൻ പിതാവെ–പാലിക്ക ഞങ്ങളെ നീ.

6. കന്യക മാതാവിൻെറ–നിർമ്മലകാന്തനാകും
കന്യാവ്രതക്കാരനാം യൗസേപ്പേ വാഴ്ക വാഴ്ക.

## IV

[മേരെ ദിൽയേപുക്കാരെ ഹാജാ എ. മ.]

സുഖമൃത്യുവിനുത്തമ ബന്ധോ–
കരുണാമൃതമുയരും സിന്ധോ–
വാഴ്ത്താം വാഴ്ത്താം നിൻസ്തോത്രം
വേലക്കാർതൻ താതനെ–സുഖമൃത്യു......

1. കന്യയാം മേരിതൻ വത്സലകാന്തനെ–കാന്തനെ,
കന്യയാം..... ......
യേശുരാജേശ്വരൻ പൈതൃകാ, പാലകാ, പാലകാ,
നീതിമാനാം യൌസേപ്പേ,
ദാവീദിൻ ഗോത്രജനനീ–
നൽകുക നൽവരം മർത്ത്യരിൽ......വാഴ്ത്താം...സുഖ...

2. ഉണ്ണിയാം നാഥനെ നൽവഴി കാട്ടിനീ
പോററിപോൽ
ഉണ്ണിയാം... .....
പൈതൃകാഹവാനമാം ദാനമേകീലയോ ധീരമായ്
നാശഗത്ത്ദൃഷ്ടിയായ്
മൃത്യുവിനോടൊട്ടുമീ-
യേഴയിലേക നിൻദാനം-വാഴ്ത്താം......സുഖ......

## V

(ഹിന്ദി. ദില്ലഗിയിലെ "തേരേ കഞ്ചേമേ" എ. മ.)

താതാ! നിൻപാദുകം പൂകാനണഞ്ഞു ചേന്നിതാ
ഞങ്ങൾ
നീതാനീ മാനവക്കെന്നും പിതാവായ് മേവണം
താനും
വിനയവും കൃപയുമൊരുപോലെ നിറഞ്ഞുതുളുകിട്ടും
നിന്നെ
വിശേഷാൽ കാവലായി ദയസ്സു കൂപ്പിട്ടും ഞങ്ങൾ
കരുണതന്നുറവ വഴിപോലെ ഗമിക്കാൻ പാത
യായ് നീയും
മഹേശദാനമീമന്നിൽ പകത്താൻ പാത്രമായ്
നീയും
ജനനിയാം നാരിമാർ മൗലിസ്സുരച്ചോരാശ്രയം
നീയായ്
ജനിച്ചമാനവക്കെല്ലാം വിരക്തിമാഗ്ഗവും നീയായ്
മഹിതമാം മഹിമകലരും നിൻപദാബ്ജേ
പൂവിരിച്ചിടാൻ

കരങ്ങൾക്കേകെണം ശക്തി തന്നുജപൊൽക്കരത്താലെ
ജഡികമാം മോഹമീടേറി സംസ്ക്കാരരൂപവും മാറി
മനുഷ്യർ ഹാ! നശിച്ചിട്ടും പിതാവേ! കാത്തിടാ
സ്സിൽ നീ (താതാന്നിൻ....)

# VI

(ഹിന്ദി. ആജാ, ആജാ എ. മ.)

താതാ! താതാ! താതാ! മഹീതലജാതനാം
പരനീശോ നാഥനെ
പരിതാപമേതുമെഴാതെ കാത്തവനേ ജയിക്ക
ചാരിത്രപ്രഭയെഴുന്ന പൂർണ്ണചന്ദ്രൻ പോലെയും
(പരി)
വാനത്തിൽ വിലയുയർത്തും വിനയമാർന്ന ധന്യനായ്
ഊനത്തിൻ നിഴലെഴാത്ത കന്യകയ്ക്കാലംബമായ്
(പരി)
കാരുണ്യക്കടലുകൊണ്ട കൈകളാലെയെന്നെയും
കാലുഷ്യം കഴുകി വിണ്ണിൽ കരേററണം ഉണ്ണിയെ
(പരി)
ദൈവത്തിൻകരുണപൂത്ത ദണ്ഡതാലെ കന്യയെ
സ്നേഹത്തോടനുനയിച്ച മൃത്യുചേരും വരേയ്ക്കും.
(പരി)

## VII

[മാനസറാണി.........എ. മ.]

മാമക താത—മാമരി നാഥാ—
വേലക്കുണ്ടൊരു മാഹാത്മ്യം,
അതു് നേരിൽ കാട്ടിയനേതാ—
ലോകക്കോളിതിലലയുന്നിവരുടെ
ആടലകററും താതാ (മാമക.........
വേലക്കാരുടെ മാള്ഗ്ഗേ
സുരവാർമഴവില്ലൊളി തൂകാൻ
സ്വർഗ്ഗസ്ഥിതരുടെ നായകനോടായ്
പക്ഷം പറയും താതാ— (മാമക......
അല്ലൽ തീർത്തഴകേക.........
സുതനെല്ലാനേരവുമേകാ.........
ആശ്രിതപാലക മാർ യൌസേപ്പേ!
ആശ്രയമേകണമെന്നും... (മാമക......

# ചെറുപുഷ്പഗാനങ്ങൾ

ദിൽദിൽ സെമിലാകെ എ. മ. [മേംസാഹിബ്ബ്]

പരലോകമതിൽ തവവാഴ്‌വിൽ
ധരയിൽമലർ തൂകിട്ടമേവം
ഉരചെയ്യോരു പാവനറാണി
വരമാരികൾ തൂകുക പാരിൽ

തവപാവന സുദിനമല്ലോ!
പുരുമോദമതാം ദിനമല്ലോ!
മഹിപാട്ടുകയായ് തവഗീതികളെ
മലർ കാവുകളിൽ ചിരിതൂകുകയായ്
(പരലോക...... ..

ചിരിതൂകിയ പൂക്കളുമായി
കരമേന്തിയ ക്രൂശതുമായി
പരലോകമതിൻ പടിവാതിൽവരെ
വരു! ഊഴിയിലേയ്ക്കൊരുനോക്ക്
(പരലോക........

അകതാർ മലർകൊണ്ടു കൊരുത്ത
ഒരുമാലതവ-പദെ ചാർത്താം
ലിസ്യൂമോഹന സൂനമേ!
തൂമലർതാരകമാരികൾ തൂകുകപാരിൽ
(പരലോക........

മഹിക്കേഴകയാണ് തെരേസ്യാ!
മനം നീറുകയാണ് തെരേസ്യാ!
മഹീ പാലകനോടിരന്നീടുക നീ
മഹിയാകെ–തൻ പൊന്നലവീശാൻ

(പരലോക.........

2

വെണ്ണിലാവേ...എ. മ.

പൂന്നിലാവെ വെന്നിടുന്ന
കന്യയാളാം ചെറുപൂവേ
വാനിലീശൻ പാദേയെന്നും–
മിന്നിനില്ലും ചെറുതാരേ!.

മുള്ളിലൂടെ മൃദുപദങ്ങൾ
നീക്കവേ നീ, മധുഗാനം
പാടിപ്പാടി പൂവനത്തിൽ
പൂക്കൾതേടി വാടിയോൾ–പൂക്കൾ–

പൂന്നിലാ...

വാനിലെത്തി–പ്പാരിലെന്നും
പൂമഴഞാൻ തൂകിടും
എന്നുചൊന്ന കൊച്ചുറാണീ
ചൊരിയൂ ചൊരിയൂ പൂമാരി–ചൊരി–

പൂന്നിലാ–

ആത്മനാഥൻ തൻെറ സ്നേഹ–
ദാഹമെന്നും തീക്കാനായ്
ത്യാഗിനി നിൻ ജീവിതം നീ
ത്യാഗപൂർണ്ണമാക്കിയോ?–ത്യാഗ–

പൂന്നിലാ...

3

(ഹിന്ദി. രത്തിനിലെ "ആയിദീവാളി" എ. മ )

കൊച്ചുറസൂനമേ! കൊച്ചുസൂനമേ!
മെച്ചമായ ശുദ്ധസൂനമേ! മമ മാനസത്തിൻ മുഗ്ദ്ധ
സൂനമേ
നീലവിഹായസ്സിലെ താരകയാണോമൽ നീ,
നാകനാഥനീശനെന്നുമോമനക്കുമാരി നീ,
നാശമേശിടാസ്സതിന്നു മേൽ നിഖിലേശ പാദ
പാംസുചേർക്കനീ (കൊച്ചു)
പ്രേമപരാഗമാന്ന നിന്മനോജ്ഞമാനസം
രാജിതൻ മണാളനീശോ തൻ കരത്തിലേകയാൽ
നീ പുണർന്നഭാഗ്യമെത്രയും മഹനീയമല്ലീ?
വാഴ്ത്തിടുന്നു ഞാൻ (കൊച്ചു)
ഈശോതൻ സ്നേഹകാന്തിയാവഹിസ്സു മൂലമായ്
ആശിസ്സിൻെറ വാസഭൂമിയായി നീ വിശേഷമായ്
ഹാ വിശുദ്ധകൊച്ചുത്രേസ്യാ നീ വലുതായ്‌വളൻ്റ
ലോകമൊക്കെയായ് (കൊച്ചു)
മഞ്ഞെന്നപോലലിഞ്ഞു നീ മഹേശസൂനുവിൽ
നെഞ്ചിൽ സ്നേഹദീപ്തി ചേൻ്റ നിത്യമോക്ഷഭാ
നുവിൽ
നെഞ്ചുറച്ചഭക്തിയോടിതാ തവനായകനേ വാഴ്ത്തി)
വാണിടാം (കൊച്ചു)
കാലുഷ്യപങ്കമാഹരിച്ചു വീത്താരെന്നെ നീ
കൈയണച്ചു കാത്തു ശുദ്ധിചെയ്യണം കൃപാനിധേ
കന്യകാകുലാവതംസമേ! കമനീയതതൻ കാന്തി
ഗേഹമേ (കൊച്ചു)

സ്വർഗ്ഗത്തിൽ നിന്നു പുഷ്പവർഷണം നടത്തിടാൻ
നിർമ്മിച്ച നിൻെറ കൊച്ചുമാർഗ്ഗമേറി ഞങ്ങളും
സ്വർഗ്ഗമെത്തി വാഴ്ത്തണം സദാസകലേശ്വരനെ
കീർത്തനങ്ങളാൽ (കൊച്ചു)

## വി. സെബസ്ത്യാനോസിനോട്

(ഹിന്ദി അൽമുൾഘടിയിലെ "ജവാംഹൈ മുഹബ്ബത്ത്" എ. മ.)

സെബസ്ത്യാനോസേ! നിൻപാദാംബുജദാസരെ
കാത്തീടേണമേ! കരുണാപയോധേ!
വിശ്വാസത്തിൽ വളരാൻ നൽകേണം വരം
ആശ്വാസത്തിൽ അമരാൻ സർവ്വേശകരം (സെബ)
വസന്തയാം പാപരോഗമാകെ
വിശുദ്ധാ! നിൻകരം കൊണ്ടകന്നീടുവാൻ (സെബ)
ജീവൻെറ ജീവനേശുവിൻ ദാസനായ്
ജീവൻപോലുമേകാൻ മനസ്സായ മഹാത്മാ
(സെബ)

## വി. അന്തോനീസിനോട്

(ഹിന്ദി "ബർസാത്തി "ലെ"ഓ...മുഝേകിസീസെ")

ഓ! ഓ! ഓ! ഓ! മഹത്വമാർന്ന മാറന്തോനീസേ!
മാറന്തോനീസേ! മഹനീയമോക്ഷതേജസ്സേ!
പുണ്യപുഞ്ജപ്രഭാപുഷ്പമേ; നിൻ
ദിവ്യസൗരഭ്യം ചേർന്നിങ്ങു ഞങ്ങൾ

വന്ദ്യതാതാ! മുദാ, വാഴ്ത്തീടുന്നേനിതാ
വെൽക നീ സർവ്വദാ. . . . . . (ഓ.)
അത്ഭുതപ്രവർത്തകാ! നിൻ
അദ്ധ്യാത്മശക്തിയാൽ
അസ്തമിക്കണം സമസ്ത
മർത്ത്യാന്ധകാരവും. (ഓ.....)
ദുഷ്ടരെല്ലാമാകെ നീ ശത്രുവല്ലൊ
ശിഷ്ടരെല്ലാമാകെ നീ മിത്രമല്ലോ
കഷ്ടകാലത്തിലും ദുഷ്ടശീലത്തിലും
പെട്ടുപോകല്ലെ ഞാൻ— (ഓ....)

## വി. ലൂയീസ് ഗൊൺസാഗയോട്

(ഹിന്ദി ബർസാത്തിലെ ''ജിയാബെ്കരാർഹെ'' എ. മ. )

ലില്ലിപ്പൂവിൻ വെണ്മയും മഞ്ഞിൻ കുളുർമ്മയും
ചൊല്ലേറുന്ന നന്മയും ചേർന്നോനല്ലീ വെൽക നീ
ഓ....ലോലമനോജ്ഞപേലവപാത്രം
മോഹനമാമാചാരിത്രം
പോറല്വവീഴാതാമൃതിയോളം പേറുകയാലെ
സ്തോത്രം (ലില്ലി)
ഓ.....മാദകമദ്ധ്യപ്രായമതിങ്കൽ മാതൃകയായി
ലോകത്തിൽ
ക്രൂശിതരൂപം കൈകളിലേന്തി ശാശ്വതചിന്ത
യ്ക്കായി— (ലില്ലി)
ഓ ..,അന്തിമകാലചിന്തയതിന്നായ് വെൺതല
യോടും നീയേന്തി
സന്തതമെല്ലാബന്ധവുമങ്ങാച്ചിന്തയിനാലെ ചീന്തി
(ലില്ലി)

## വി. ബക്കുമാൻസിനോട്

(ഹിന്ദി ബർസാത്തിലെ "ഹവാമെ ഉഡ്ത്താജായെ" എ. മ.)

മഹാമാതേ! തവദാനം തരണേ! തവനായകനാലെ
(നീ) യീലോകേ ലോകേ,
വിശേഷഭാവുകമോടെ അരുളീട്ടകമാതൃകയാലേ-
(നീ) യീലോകേ ലോകേ,
ഓ-ഓ-ഓ-ഓ-ഗുണഗണവിരചിതപിഭാത
സൂനം ഭുവനെ വിടരുകയാലെ-
യുവജന,മതിനുടെ പ്രഭാപരാഗം പുണരുകയാണ
തിനാലെ (മഹാമാതേ!)
ഓ-ഓ-ഓ-ഓ-
നിയമവിധികളണുവിടാതെ കാത്ത,പരമപിതാ
വിൻ ദാസാ!
നിസ്തുലനന്മയൊടിങ്ങരുളീട്ടക സംസ്തുത! നിൻമൃദു
ഹാസം (മഹാമാതേ)

## പ്രാത്ഥന

ഭൂമിയും സ്വർഗ്ഗവും താരഗണങ്ങളും
സൃഷ്ടിച്ച പാലിക്കുമീശാ സ്തുതി.........
ജീവരാശികളെ ആദ്യമായ്
നിമ്മിച്ച ശില്പിയല്ലൊ.........

പുൽക്കൊടിപോലുമേ... പക്ഷിമൃഗാദികൾ
സവ്വവും നിൻസ്തുതിഗീതം പാടും ..
മാനവരൊക്കയും പാടിപ്പുകഴ്ത്തുന്ന
ലോകദാതാവെ നിനക്കുസ്തുതി.........

നാകലോകകന്യേ......
പാപലേശമെന്യേ......
പാരിൽജാതയായ്
പൊൻമുടിചൂടിനീ
വാണരുളുമമ്മേ.........
ദാസർഞങ്ങളിതാ......
പാദെ കുമ്പിടുന്നോൻ......
പാപഭാരത്താൽ
കേഴുന്നഞങ്ങളേ
കാത്തരുളേണമേ.........
അശ്രുധാര ചൊരിഞ്ഞു്-
ആശ്രയംതേടുന്നു.........
ആശ്രയം നീതന്നെയല്ലയൊ-
ഹാ കനിയേണമെ.........

## വിശ്വാസപ്രമാണം

(മഞ്ജരി)

ആകാശഭൂഗോളജാലങ്ങളൊക്കവെ
ആകമ്രമായ് ചമച്ചുള്ളനാഥൻ
ആദ്യന്തഹീനൻ പരമപിതാവിൽഞാൻ
ആദ്യന്തം നിശ്ശങ്കം വിശ്വസിപ്പൂ
തന്നേകനന്ദനൻ ഈശോ കർത്താവിലും
സന്ദേഹമെന്നിയെ വിശ്വസിപ്പേൻ
ഈദിവ്യസൂനു പരിശുദ്ധാത്മപിയാൽ
ജാതനായ്, കന്യാകുലോത്തമയാം

മേരിയിൽനിന്നു പിറന്നു ധരിത്രിയിൽ
മേവി മനുഷ്യനും ദൈവവുമായ്.
പന്ത്യോസ് പീലാത്തോസിൻ കാലത്തു് ലീസുതൻ
മർദ്ദനമേററു മരിച്ചുക്രൂശിൽ
തൻതിരുമേനിയടക്കി, യനന്തരം
പാതാളംതന്നിലാവിഷ്ടനായി
മൃതൃഭവിച്ചോരിൽനിന്നു മൂന്നാംദിനം
ഉത്ഥാനംചെയ്തധികാരപൂർവ്വം
നാല്പതാന്നാളിലെഴുന്നെള്ളി സ്വർഗ്ഗത്തിൽ
കെല്ലെഴും നിത്യപിതാവിൻചാരെ
ദക്ഷിണപാർശ്വസ്ഥിതനായി മേവുന്നു
പക്ഷംനിറഞ്ഞോരീ ദിവ്യനാഥൻ
മൃത്യുവാന്മുള്ളോർക്കും ജീവിച്ചിരിപ്പോർക്കും
നിത്യമാം ന്യായവിധിനടത്താൻ
തൽസ്ഥാനത്തിങ്കൽ നിന്നീനാഥൻ വന്നീടു-
മെന്നും ഞാനുൾത്താരിൽ വിശ്വസിപ്പൂ
ചിന്മയനാം പവിത്രാത്മാവെയും, മമ
ആത്മപ്രദീപമായ് വിശ്വസിപ്പേൻ.

—❖—

## പുനരൈക്യപ്രാത്ഥന

[പരിശുദ്ധ അന്തോണിയേ......... എന്ന മട്ടു്]

പാപികൾ രക്ഷയ്ക്കായി ഏകതിരുസുതനെ
ബലിചെയ്‌വാൻ തിരുവുള്ളമായോരു
സർവ്വേശ്വരാ
അങ്ങേസന്നിധിചേരാനുള്ള മാർഗ്ഗേനിന്നും തെററി
ഇടയനും തൊഴുത്തുമില്ലാത്തജക്കൂട്ടം പോലെ

അലയുവോരങ്ങേസുതർ ഞങ്ങൾ സഹോദരർകൾ
ആകും അകത്തോലിക്കരായ ജനത്തെയെല്ലാം
അനുഗ്രഹിപ്പാനടിയാർ അടിപണിയുന്നിതാ
അനുഗ്രഹം വർഷിപ്പാനായ് അനുദിനം
നമിക്കുന്നേൻ
അങ്ങേതിരുസുതൻ ഞങ്ങളുടെ രക്ഷകൻ
ആകും യേശുമ്ശിഹാ തൻെറ പ്രതിനിധിയും
വിശുദ്ധപത്രോസ് തൻെറ പിൻഗാമിയുമായ
റോമാ മാർപ്പാപ്പാ മാത്രം കാണപ്പെട്ടും തലവൻ
തന്നാൽ ഭരിക്കപ്പെട്ടും സഭമാത്രം സത്യസഭ
എന്നവർ വിശ്വസിച്ചനുസരിപ്പാൻ വേണ്ടുന്ന
വെളിവും മനോധൈര്യവുമെന്നിവ
കൊട്ടത്തരുളാൻ
ഞങ്ങൾ രക്ഷകനേശുമിശിഹാതൻ യോഗ്യതകൾ
പാദേ പിതാവേ ഞങ്ങൾ കാഴ്ചവെച്ചിട്ടുന്നിതാ
ഏകതൊഴുത്തുമേക പാലകനുമാകട്ടാമ്മേൻ.

## സഭാജനനി, ജയിച്ചാലും!

കേക

പത്രോസാം പരിശുദ്ധ
പാറമേൽ ജഗദീശ—
പുത്രനാം മിശിഹയാൽ
സ്ഥാപിതം തിരുസഭേ,
നീറോയും നിരവധി
രാഷ്ട്ര നേതാക്കന്മാരും

പോരിൽ നിൻ പരാജയം
കാണുവാൻ കൊതിച്ചെന്നാൽ
മതവിശ്വാസത്തിൻെറ
കീർത്തിധാവള്യം മർത്ത്യ-
ഹൃദയം തോറും പര-
ത്തീട്ടം നീ ജയിക്കുന്നു.
എത്രയോ രാജാക്കന്മാർ,
എത്രയോ ശാസ്ത്രജ്ഞന്മാർ,
തത്ര നിൻ ഗളച്ഛേദം
ചെയ്യുവാൻ മുതിർന്നീലാ...!
ആശ്വാസം മർത്ത്യർക്കെന്നും
നല്കുമീ സഭയ്ക്കെഴും
വിശ്വസ്ത മക്കൾക്കൊപ്പം
മേവുകയല്ലോ ഞങ്ങൾ!
മാതാവേ, ജയിച്ചാലും!
നിൻ ജയക്കൊടി വാനിൻ
പാതയിൽ പാറിപ്പര-
ന്നീടട്ടേയനാകാലം...!

## വി. തോമ്മാശ്ലീഹായോട്

(ഹിന്ദി അൻമോൽഘടിയിലെ "മേരേ ബചപൻ" എ. മ)

മാർതോമ്മായാം യേശു ശിഷ്യാഗ്രേസ്സഹതാതാ!
വാഴ്ത്തിയണയാം നിൻപാദപങ്കജം- (മാർ)
ശില്പി നീ നാഥകല്പനയാലെ ശിഷ്യനായ്കൂടി
അത്ഭുതങ്ങളാൽ തല്പംകൾ പാടി
ആശ്വാസദായകനാം നാഥനെ-ആ-

വിശ്വം അറിയാറാക്കീടവെയീനാട്ടുതേടി
പ്രാണൻ ബലിയായി നൽകിയ താതാ... (മാർ)
നാഥനുവേണ്ടി ഭാരതഭൂവിൽ നീ വരുവാനും
രക്തസാക്ഷിയായിട്ടുവാനും
നീ ചിത്തമായ് തീർന്നതോ ഭാഗ്യമേ!—ആ—
ഞങ്ങളതിന്നാലെനിൻ ഗുരുവിൻ മക്കളുമായ്
നന്മപുണരാനും കർമ്മമതായി—കർമ്മം...
ത്വൽകരസ്നാനം പെട്ടവരാണീ മക്കളാം ഞങ്ങൾ
ഉൽക്കളം തെളിഞ്ഞാശിസ്സുനൽക.
ത്വല്പാദം പൂകിട്ടുമീദാസനെ—ആ—
കല്പയണവോളം കാത്തിടണേ! സദ്ഗുമാനേ!
അല്പമളവും നീ കൈവിടാതെ തന്നെ—
(മാർതോമ്മാ...)

## വി. ഫ്രാൻസീസ് സേവ്യറോട്

ഓ! വാഴ്ക പുണ്യവാനേ! വാനത്തിൽ വാഴുവോനേ
ഔന്നത്യമാർന്നഗോത്രം സൗന്ദര്യപൂർണ്ണഗാത്രം
സർവ്വം ത്യജിച്ചു നീയും സന്യാസിയായതോർത്താൽ
(വാനത്തിൽ)
ക്രൂശിൽ മരിച്ച നാഥൻ ആശിച്ചപോലെചെയ്യാൻ
ക്രൂശും കരത്തിലേന്തി വേദം പരത്തിമോദാൽ
(വാനത്തിൽ)
ത്യാഗൈകരൂപനീശോ നാഥനുവേണ്ടി ജീവൽ—
പോലും ത്യജിച്ചോരങ്ങേലോകം വണങ്ങിടട്ടേ.
(വാന)

"ലോകം മുഴുക്കെനേടി ആത്മാവുവിട്ടുപോയാൽ
ആക്കെന്തു നേട്ട"മെന്ന വാക്കിൽ മനം തുറന്ന (വാന)
മന്നന്റെ വംശജാതൻ ഖിന്നക്കുവേണ്ടി വാണു
ഉന്നിദ്രസ്വർഗ്ഗരാജ്യം മന്നിൽ പരത്തിടാനായ് (വാന)
യൂറോപ്പുവിട്ടു ചൈനാദേശം വരേയ്ക്കുമെന്നു
ആരോഗ്യവും തകർന്നു പ്രാണൻ പിടഞ്ഞുവന്നു (വാന)
ഓട്ടം ശരിയ്ക്കുമോടി നേട്ടങ്ങൾ തന്നെ നേടി
കൂപ്പും കരങ്ങളാലെ വാഴ്ത്തു മർത്ത്യർ കൂടി (വാന)

## ലാക് ആലാഹാ

ലാക് ആലാഹാ മ്ശ്ബഹീനൻ—ലാക് മറിയാ
മൌദേനൻ:
ലാക് ആവാ ഇസ്ഡിയായാ—മ്യക്രാ കൊല്ലാ അറആ.
ലാക് കൊലഹോൻ മാലാകെ. ലാക് ശ്മയ്യാ ഉകൊല
ഹോൻ ഹൈലാവാസാ.
ലാക് ക്രോവേ വസ്രാപ്പെ—കാഏന്ന് ബ്ക്കാലേ
..ലാശെലിയാ:
കന്തീശ് കന്തീശ് കന്തീശ് മറിയാ ആലാഹാ
സ്ബാവോസ്.
ദമ്ലേൻ ശ്മയ്യാ വറആ. മിൻ റമ്പൂസ് ശൂഹാക്.
ലാക് തെഗ്മ്മാ. മ്ശബഹാ ദശ്ലീഹേ
ലാക് മെനിയാനാ—മ്ക്കൽസാ ദന്വിയേ:
ലാക് മ്ശ്ബഹാ സഹിയായീസ്സ്. മ്ശ റീസ്സാ
സ്ഹീസ്സാ ദ്സാഹ്ദേ.
ലാക് ബ്കൊല്ല, തേവൽ ദറആ. മൌദിയാ ഏത്താ
കന്തീശ്ത്താ.

ആവാ-ദീക്കാറ ദ്ലാ സാകാ.
വവ്വാക് മ്യക്രാ ശാറീറാവീഹീദായ.
ആപ്പ്റൂഹാ. കന്തീശാ പാറേക്ക്ലേത്താ.
അത്ത് ഈൗസൈക്ക്, ഓ മ്ശിഹാ മൽക്കാ ദ്ശ്ലുഹാ,
അത്ത് ഈൗസൈക്ക്ബ്രാ-മ്മ് സോമ്മായ ദാവാ
അത്ത് മെത്തോൽ പുക്കാനാ ദ്നാശ. ലാ എസ്സ്പ്പല്ലാ
ഗ്ത്ത് ലമ്സറാക്കു നവ്ശാക് ബ്ഉമ്പാ
ദൌസൂൽത്താ.
അത്ത് എസ്സ്ഹസൻന്ത് ല്ലഉക്ക്സാ ദ്മൌത്താ,
വപ്പ്സ്സഹ്ത്ത് ലമ്ഹൈമ്നേ തറആ ദശ്മയ്യാ.
അത്ത് യാസേവത്ത് അൽ യമ്മീനേ ദാലാഹാ-
ബ്ശ്ലുഹേദാവാ.
മ്ഹൈമ്നീനൻ ദീസൈക്ക് ദയ്യാന ദാസിദ്
അത്ത്ല്ല്മേസാ.

## മുട്ടുകുത്തുക.

മെന്നാക് മാദേൻ ബാഹ്ഗ്ഗനൻ ലമ്സയ്യാവൂ ഔദൈക്ക
ദസ്വൻന്ത് ബെദ്മ്മാക് യക്കീറാ.

## എഴുന്നേൽക്കുന്നു.

അവെദൈൻ ദ്വൈനൈ കന്തീശൈക്ക് നെസ്മനേ
ബ്ശ്ലുഹാ ദല ആലം.
പ്രോക്ക്മറിയാ ല്ല്അമ്മാക്. ഉവാറേക്
ല്ല്യർത്തുസാക്.
ഉദമ്പർ എന്നോൻ. വാറീം എന്നോൻ അദമ്മാല്ല്
ആലം.
ബ്കൊലഹോൻ യൌമ്മാസാ. മ്വർകീനൻ ലാക്.
വമ്ശബഹീനൻ ലശ്മാക് കന്തീശാ ബ്കോൽസ്വൻ.
ല്ല്ആലം വൽആലം അൽമ്മീൻ.

അവെദ് മാറൻ വാലാഹൻ. ദ നെസ്സെൻത്രൂ് മിൻ
ഹത്തീസാ ബ്ഹാനാ യൌമ്മാ.

റാഹെം അലൈൻ മറിയാ. റാഹെം അലൈൻ.

തെഹവെ തൈബൂസാക് അലൈൻ മറിയാ. ഐക്കന്നാ
ദ്സക്കീനൻ ലാക്.

ബാക് മറിയാ സബ്റേസ്. ലാ എവ്ഹസ്.
ല്ല്ആലം.

കുറിയേലൈസ്സോൻ,

ക്രിസ്റ്റേലൈസ്സോൻ.

കുറിയേലൈസ്സോൻ.

ക. പ. ആവൂൻദ്വശ്മയ്യ. (നിശ്ശബ്ദോച്ചാരണം)

ക. പ. ഉലാ താഎലൈൻ ല്ല നെസ്യോന.

പ. എല്ലാ പസ്സാൻ മിൻബീശാ.

ക. പ. ബ്രീക് അത്ത്...ദാവാഹെൻ.

പാ ശ്വീഹാത്ത് വമ്ശബ ഹാ ല്ല്ആലം.

ക. പ. മ്വർകീനൻ ലാവാ ഉലൌറാ വൽറൂഹാദ്
കുദ്ശാ.

പാ. മ്ശബഹീനൻ വമ്റമ്മ്മീനൻ ലേ ല്ല്ആലം.

ക. പ. ബ്രീക്അത്ത്ഓ മറിയാ ആലാഹ ബർക്കിയാ
ദശ്മയ്യാ

പ. ശ്വീഹാ വമശബഹാ അത്ത്വമറൈമ്മാ
ല്ല്ആലം.

ക. പ. ബാറേക് നവ്ശ്ല്ല്മറിയാ.

പാ. ഉകൊലഹോൻ ഗർമൈ ലശ്മേ കന്തീശാ.

ക. പ. മറിയാ ശ്മാ സ്ലോസ്സ്.

പാ. വഗ്ആസ്സ് ല്ല്വാസ്സാക് തേഓൽ.

ക. പ. ന്ന്സല്ലേ ഓമാറൻ വാലാഹെൻ...ല്ല്ആൽമ്മീൻ.

പാ. ആമ്മേൻ.

ശമ്പഹ് ലെശ്ലാൻ ഹല്ലാശാ, റാസാ ദ്പഗ്റാ ദ്ദ്ലാമൂമ്മാ.

വദ്കാസ്ദേ ദൂക്കായി നപ്ശാ, മ്മ്ഹദ്യാനാ ദ്കൊല്ലേ അൽമ്മാ.

ദൽതീമൈ പുക്കാൻ നാശാ, എശ്ലെദ് മൽക്കാ യന്തീദാ.

പേറാ ദ്കർസ്സാ ദെഔസ്സൂൽത്താ, സന്തീക്കുസ്സൻ ഉസൈബാത്താ

ദെനഹസ്സ്ലൻ മാർഗാനീസ്സാ, മിൻസ്ലാപ്പ്സ്സാ സങ്കീ ദ്കീസ്സാ

ശ്കീന്തായി ഗേർ ശ്ശയ്യാനായിത്താ, ദമ്ശീ ഹായി ശുവാനീസ്സാ.

## കൊല്ലൻ ദശ്നെ.

കൊല്ലൻ ദശ്നെ ന്ന്കാറേവ്ലേ; ഉനെസ്ഗോദ്
മായോസേ ല്ല റാസേ:
വദ്യാസ്സേക്കേ അത്തീക്ക്ത്താ; തെത്തല്ലക്ക്
ബദ്നഹ്ഹദത്താ.
ഹൈമ്മാന്തൂസ്സാ മ്ശമ്മേലിയാ; ഹസ്സീറൂസ്സ്
റെഗ്ശൈപഗ്റാ.
ദ്വാ റാദേനൻ അക് ദ്വെൽപ്പാ; ബ്ഹാൻയമ്മാ
സംഗ്ലിശ്ഗീശാ.
ശുഹാ ഉശൂൽത്താൻ ഉറുമ്റാമ്മാ; ലാവാ ഉലവുറേ
ഹമ്പീവാ:
വൽറൂഹാ പാറക്ലേത്താ; ശാവ്യാ അമഹോൻ
തെശ്ബോഹത്താ. ആമ്മേൻ.

## കീർത്തനം

1

വാഴ്ത്തപ്പെട്ടവനാകട്ടെ ദൈവം വാഴ്ത്തപ്പെട്ടിടട്ടെ.
അങ്ങേ തിരുനാമമെന്നും വാഴ്ത്തപ്പെട്ടിടട്ടെ.
സത്യദൈവവും സത്യമനുഷ്യനുമായ
ഈശോമ്ശിഹാ നിത്യവും വാഴ്ത്തപ്പെട്ടിടട്ടെ.
ഈശോയുടെ ദിവ്യനാമം വാഴ്ത്തപ്പെട്ടിടട്ടെ.
അങ്ങേ തിരുഹൃദയമെന്നും വാഴ്ത്തപ്പെട്ടിടട്ടെ.
ദിവ്യബലി പീഠത്തിന്മേൽ ദിവ്യബലിയിൽ
എഴുന്നള്ളിവരും മിശിഹാ വാഴ്ത്തപ്പെട്ടിടട്ടെ.
ദൈവത്തിൻെറ തുല്യമററ ദിവ്യമാതാവാം
പരിശുദ്ധ കന്യാസ്ത്രീമറിയം വാഴ്ത്തപ്പെട്ടിടട്ടെ.
ദൈമാതാവിൻെറ പരിപാവനമാകും
അമലോത്ഭവമെന്നുമെന്നും വാഴ്ത്തപ്പെട്ടിടട്ടെ.
കന്യകയും മാതാവുമാം മാമറിയത്തിൻെറ
ധന്യതിരുനാമമെന്നും വാഴ്ത്തപ്പെട്ടിടട്ടെ.
ദൈവമാതാവിൻെറ ദിവ്യവിരക്തഭർത്താവാം
പരിശുദ്ധ യൌസേപ്പുതാതൻ വാഴ്ത്തപ്പെട്ടിടട്ടെ.
ദൈവം മാലാഖാമാരിലും ശുദ്ധന്മാരിലും
വാഴ്ത്തപ്പെട്ടവനാകട്ടെ ദൈവം വാഴ്ത്തപ്പെട്ടിടട്ടെ.

2

സർവ്വദയാപരനെ വാഴ്ത്തീടട്ടെ,
മാനുഷരാസകലം വാഴ്ത്തീ...
പാരിടമാകവേ തൻതിരുനാമവും,
പാരിച്ചമോദത്തോടെ വാഴ്ത്തീ...

സത്യമാം ദൈവവും സത്യമനുഷ്യനുമാം,
ക്രിസ്തുമഹേശ്വരനെ, വാഴ്ത്തീ...
ആശിഷമാം മധു നൽകിടും സൂനമാം
ഈശോയെന്നുള്ള നാമം വാഴ്ത്തീ...
വരുമരുളീടുന്ന കരുണാഢേറും തവ
പരിശുദ്ധ ഹൃദയത്തെ വാഴ്ത്തീ...
ദിവ്യകുർദാശയിൽ വാണരുളീടുന്ന
ദിവ്യനാമേശുവിനെ വാഴ്ത്തീ...
ശാപമകററിയ കന്യകാ മേരി തൻ
പാപവിഹീന ജന്മം വാഴ്ത്തീ...
കന്യകയും തഥാ മതാവുമായുള്ള
ധന്യയാം മേരീനാമം വാഴ്ത്തീ...
കന്യകാ മേരി തൻ നിർമ്മല കാന്തനാം
നീതിമാൻ യൗസേപ്പിനെ വാഴ്ത്തീ...
മാലാഖമാരിലും പുണ്യവന്മാരിലും
സർവ്വേശ്വരനെയനിശം വാഴ്ത്തീ...

DHARMARAM LIBRARY
BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| | | |

DC Library
* 00011282 *
T61 B47

# അമലാ പ്രസി

1) വീട്ടിനുള്ളിൽ കള്ളൻ
-ഉമയനല്ലൂ[illegible]
2) 'എനിക്കു ദാഹിക്കുന്നു' (ഖണ്ഡകാവ്യം)
-പാലാ 1 00
3) സ്നേഹം മരിക്കുന്നില്ല (നാടകം)
-കാനം. ഇ. ജെ. 1 50
4) അന്ത്യരംഗം(നാടകം) -ജെ. സി. പാലക്കി 0 50
5) ആ വാതിൽ അടയ്ക്കരുത് (ശബ്ദനാടകങ്ങൾ)
-കെ. തായാട്ട് 1 00
6) കൊടുങ്കാററൂതിയ താഴ്‌വര (നാടകം)
-മററം 0 62
7) വിശറി (നാടകം) -ഇ. വാസു 1 50
8) അലിഞ്ഞുചേർന്ന ആത്മാക്കൾ (നോവൽ)
-സി. എ. കാലായിൽ 1 50
9) കന്നിയാറൊഴുകുന്നു (നോവൽ)
-ടി. പി. നീലൂർ 1 50
10) പേപിടിച്ച മനുഷ്യർ (നാടകം)
-എ. എം. ചന്ദ്രപാലൻ 0 64
11) ഓണപ്പൈങ്കിളി (കവിത)
- സി. കൃഷ്ണൻനായർ 0 62
12) ഡോക്ടറുടെ മരണം (നോവൽ) -സോളമൻ 0 75
13) കാർന്നോരുടെ കലാപ്രണയം (നാടകം)
-വി. എസ്സ്. ആൻഡ്രൂസ് 0 62
14) ഭൂതത്താൻ (ഡിറക്ടീവ് നോവൽ)
-ഇ. എൻ. മുരളീധരൻ 0 50
15) എഴുത്തുപെട്ടി -ജെ. സി. കീഴൂർ 0 75
16) ദിവ്യബലിയുടെ കഥ -സി. സി. ലാസർ 0 25

# ഭക്തഗാനമാലിക

(ഗാനങ്ങൾ)

[Price 0.75

T61
B47

Indic Digital Archive Foundation
gpura.org